**പന്ത്രണ്ടാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നിയമസഭാ നടപടികൾ – സംഗ്രഹം**
**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2007 ജൂൺ 20, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

പ്രതിപക്ഷനേതാവ് (ശ്രീ ഉമ്മൻ ചാണ്ടി): സംസ്ഥാനത്തെ പനി ബാധിത മരണത്തെ സംബന്ധിച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് റൂൾ 130 അനുസരിച്ച് ശ്രീ. കെ.സി.ജോസഫ് നൽകിയ നോട്ടീസിന് അനുമതി നൽകി ചർച്ച ചെയ്യാനുള്ള അവസരം ഉണ്ടാക്കണം.

മി. സ്പീക്കർ: ഇന്ന കൂടുന്ന ബി.എ.സി.യിൽ ഇക്കാര്യം ചർച്ച ചെയ്യാവുന്നതാണ്.

## അടിയന്തിരപ്രമേയം

മൂന്നാറിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കൽ നടപടി

മി. സ്പീക്കർ : മൂന്നാറിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ സർക്കാർ നിയോഗിച്ച ദൗത്യസംഘത്തെ നിർവീര്യമാക്കുകയും ഒഴിപ്പിക്കൽ നടപടികൾ അട്ടിമറിക്കുകയും ചെയ്തതുമൂലമുണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിറുത്തിവച്ച് ചർച്ച

ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ വി.ഡി. സതീശൻ, കെ. കുട്ടി അഹമ്മദ് കുട്ടി, ജോസഫ് എം. പുതുശ്ശേരി, കെ.കെ. ഷാജു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ കെ.പി. രാജേന്ദ്രൻ) : സംസ്ഥാനത്തെ അനധികൃത ഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ ശക്തമായ നടപടികൾ സ്വീകരിക്കുമെന്ന് ഗവൺമെന്റ് നയപ്രഖ്യാപന പ്രസംഗത്തിൽ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. ശ്രീ. വി.എസ്. അച്യുതാനന്ദന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ ഇച്ഛാശക്തിയും ആർജ്ജവവും കൊണ്ട് സർക്കാർ ഭൂമി കയ്യേറ്റങ്ങൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ച് പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചിട്ടുണ്ട്. സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് കോടതിയിൽ നിന്ന് നിയമപരമായ സംരക്ഷണവും ജനങ്ങളിലും പത്രമാധ്യമങ്ങളിലും നിന്നുമുള്ള പിന്തുണയും സഹകരണവും ലഭിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ ടാറ്റ കയ്യേറിയതുൾപ്പെടെയുള്ള എല്ലാ റവന്യൂ ഭൂമിയും തിരിച്ചു പിടിക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. ഇടുക്കി ജില്ലയിൽ സി.എച്ച്.ആർ. ഭൂമിയിലെ പാവപ്പെട്ട കൃഷിക്കാരുടെ വർഷങ്ങളായി നിലനിന്നിരുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തി ഇക്കാര്യത്തിൽ സുപ്രീം കോടതിയിൽ അഫിഡവിറ്റ് ഫയൽ ചെയ്യാൻ സർക്കാരിന് സാധിച്ചു. യു.ഡി.എഫ്. നിർവീര്യമാക്കിയ രാജൻ മധേക്കർ കമ്മിറ്റിയുടെ പ്രവർത്തനം എൽ.ഡി.എഫ്. സർക്കാർ പുനരാരംഭിക്കുകയും കമ്മിറ്റി റിപ്പോർട്ട് മന്ത്രിസഭ ചർച്ചയ്ക്കെടുക്കുകയും അതിൻമേൽ ഉപസമിതിയെ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനു വേണ്ടി 4 ടാസ്ക്

ഫോഴ്സുകളെയും ആവശ്യത്തിനുള്ള ഉദ്യോഗസ്ഥരെയും ചുമതലപ്പെടുത്തി. ഇടുക്കി ജില്ലയിൽ മാത്രം 10193 ഏക്കർ ഭൂമി തിരിച്ചു പിടിക്കുകയും അനധികൃതമായി പണിത 91 കെട്ടിടങ്ങൾ പൊളിക്കുകയും ചെയ്തിട്ടുണ്ട്. 26 പേർക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തു. അഡിഷണൽ ഡി.ജി.പി. ശ്രീ. സിബി മാത്യുവിനെ വിജിലൻസ് എൻക്വയറിക്ക് ചുമതലപ്പെടുത്തി. യു.ഡി.എഫ്. മാട്ടുപ്പെട്ടിയിൽ ഒരു സൊസൈറ്റിക്കു 310 സെന്റ് സ്ഥലവും 40 ക്വാർട്ടേഴ്സുകളും അനധികൃതമായി നൽകിയ നടപടി റദ്ദാക്കിക്കൊണ്ട് ഈ സർക്കാർ ഓർഡറിറക്കി. കയ്യേറ്റസ്ഥലങ്ങളിൽ ഒരു സ്പെഷ്യൽ ഓഫീസറെയും പോലീസ് ഐ.ജി.യുടെ നേതൃത്വത്തിൽ 350 പോലീസുകാരുൾപ്പെടുന്ന പോലീസ് സേനയെയും വിന്യസിച്ചിട്ടുണ്ട്. വാഗമൺ കയ്യേറ്റം സംബന്ധിച്ച റിപ്പോർട്ടും ഗവൺമെന്റിനു കിട്ടിയിട്ടുണ്ട്. മൂന്ന് മാസത്തിനിടയിൽ നടപടികൾ പൂർത്തിയാക്കി അന്യാധീനപ്പെട്ട ഭൂമി മുഴുവൻ തിരിച്ചുപിടിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. കൂടുതൽ ശക്തമായ നടപടികളുമായി മുന്നോട്ടു പോകാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്.

<u>ശ്രീ. വി.ഡി.സതീശൻ</u>: ജില്ലാ കോൺഗ്രസ് കമ്മിറ്റിയാണ് ഇടുക്കി ജില്ലയിലെ ഭൂമി കയ്യേറ്റങ്ങളെ സംബന്ധിച്ച് സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നത്. പ്രതിപക്ഷ നേതാവ് സ്ഥലം സന്ദർശിക്കുകയും സർക്കാരിന് റിപ്പോർട്ട് നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് മന്ത്രിസഭ ഇക്കാര്യം ചർച്ച ചെയ്ത് അവിടെ ഒരു ദൗത്യ സംഘത്തെ നിയോഗിച്ചതും ഭൂമി കയ്യേറ്റത്തിനെതിരെയുള്ള നടപടികൾ ആരംഭിച്ചതും. ഈ കാര്യത്തിൽ

പ്രതിപക്ഷവും കേരളത്തിലെ ജനങ്ങളും പൂർണ്ണ പിന്തുണ സർക്കാരിന് നൽകിയിട്ടുമുണ്ട്. പക്ഷേ അതിന്റെ പ്രവർത്തനം ഇടയ്ക്കുവച്ച് അട്ടിമറിക്കപ്പെടുകയാണുണ്ടായത്. കെ.ഡി.എച്ച്. ആക്റ്റ് പ്രകാരം ജില്ലാ കളക്ടർക്കു മാത്രമേ പട്ടയങ്ങൾ നൽകാൻ അധികാരമുള്ളൂവെന്നിരിക്കെ ഡെപ്യൂട്ടി തഹസീൽദാരാണ് 530 പട്ടയങ്ങൾ നൽകിയത്. ആക്റ്റ് പ്രകാരം കൃഷി ഭൂമി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ല. സി.പി.ഐ.-സി.പി.എം. ഓഫീസ് ഉൾപ്പെടെ റിസോർട്ടുകൾ ഉള്ള സ്ഥലത്തെ സംബന്ധിച്ച് വ്യാജസത്യവാങ്മൂലം എഴുതി വാങ്ങിച്ചു. കൃഷിയാവശ്യങ്ങൾക്കു വേണ്ടിയുള്ള ഭൂമിയിൽ റിസോർട്ടുകൾ പണിതു. ദേവികുളം താലൂക്കിലെ പതിനായിരക്കണക്കിന് ഏക്കർ കയ്യേറ്റത്തെ സംബന്ധിച്ചുള്ള രാജൻ മധേക്കർ റിപ്പോർട്ടിൽ രവീന്ദ്രൻ പട്ടയങ്ങളെ സംബന്ധിച്ച പരാമർശമുണ്ട്. കയ്യേറ്റഭൂമി ഒഴിപ്പിക്കുമ്പോൾ പാർട്ടി ഓഫീസുകൾ സ്ഥിതിചെയ്യുന്ന സ്ഥലങ്ങൾ ഒഴിവാക്കാൻ പാടില്ല. വ്യാജപട്ടയങ്ങൾ റദ്ദാക്കുകയും അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുകയും വേണം. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതു സംബന്ധിച്ച് മന്ത്രിതലങ്ങളിലും ഉദ്യോഗസ്ഥ തലങ്ങളിലും തയ്യാറാക്കിയ വിവരങ്ങൾ ക്രോഡീകരിച്ചുകൊണ്ട് റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നൽകിയ റിപ്പോർട്ട് ഗവൺമെന്റ് ഏകകണ്ഠമായി അംഗീകരിച്ചിട്ടുണ്ട്. കൊടൈക്കനാൽ മുതൽ നെടുമ്പാശ്ശേരി വരെയുള്ള ദേശീയപാതയുടെ സമീപ പ്രദേശത്തുള്ള സ്ഥലങ്ങളാണ് കൂടുതലും കയ്യേറിയിട്ടുള്ളത്. വിജിലൻസും സ്പെഷ്യൽ ബ്രാഞ്ച് പോലീസും

വിശദമായി അന്വേഷണം നടത്തി തയ്യാറാക്കുന്ന ലിസ്റ്റു കൂടി ലഭിച്ചതിനുശേഷം ഇതിൽ ഉൾപ്പെട്ടിട്ടുള്ള മുഴുവൻ പേരുടെയും ലിസ്റ്റ് സഭയിൽ വയ്ക്കുന്നതാണ്. ഇലക്ട്രിസിറ്റി ബോർഡിന്റെയും വനം- റവന്യൂ വകുപ്പുകളുടേയും ഭൂമി കയ്യേറിയിട്ടുണ്ട്. ഹൈക്കോടതി പറഞ്ഞ കാര്യങ്ങൾ പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് വീഴ്ചകൾ പരിഹരിക്കുന്നതാണ്. ആ പ്രദേശത്തെ എല്ലാ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുമായും മറ്റ് സംഘടനാ പ്രതിനിധികളുമായും ചർച്ചകൾ നടത്തി അവിടെ വന്ന നിർദ്ദേശങ്ങൾ പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ടാണ് നടപടികൾ എടുത്തിട്ടുള്ളത്. അനധികൃതമായ എല്ലാ കയ്യേറ്റങ്ങളും ഒഴിപ്പിക്കും. ഗവൺമെന്റ് നടപടികളെ ദുർബലപ്പെടുത്താനും കയ്യേറ്റക്കാരെ സഹായിക്കാനുമാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. സഭാനടപടികൾ നിറുത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

( അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(അടിയന്തിര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻചാണ്ടി, സി. എഫ്. തോമസ്, സി. ടി. അഹമ്മദ് അലി, തോമസ് ചാണ്ടി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൻമാർ പ്രസ്താവനകൾ നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ടു പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം വീണ്ടും സഭ യിൽ ഹാജരാകുകയും ചെയ്തു.)

## ശ്രദ്ധ ക്ഷണിക്കൽ

(1) കെ.ഇ.ആർ പരിഷ്ക്കരണ സമിതിയുടെ ശുപാർശകൾ

ശ്രീ. കെ. സി. വേണുഗോപാൽ: കേരളത്തിലെ സ്ക്കൂളുകളുടെ ഭരണപരവും അക്കാദമിക് തലത്തിലുള്ള നിയന്ത്രണവും ലോക്കൽ ബോഡീസിനെ ഏൽപ്പിക്കുന്നതിനുള്ള തീരുമാനത്തിന്റെ ഫലമായി വിദ്യാഭ്യാസ രംഗത്ത് ദൂരവ്യാപകമായ ഭവിഷ്യത്തുകൾ ഉണ്ടാകാൻ പോകുകയാണ്. ഇതിനായി ഗവൺമെന്റ് മാർഗ്ഗനിർദ്ദേശതത്വങ്ങളും അതിന് നിയമ പരിരക്ഷ നൽകുന്നതിനുവേണ്ടി കെ.ഇ.ആർ-ൽ പരിഷ്ക്കരണ നടപടികളും ഏർപ്പെടുത്തുന്നതു സംബന്ധിച്ച് വിവിധ തലങ്ങളിൽ ചർച്ചകൾ നടക്കുന്നുണ്ട്. 11-ാം പദ്ധതിയുടെ ഭാഗമായി വിദ്യാഭ്യാസമേഖലയുമായി ബന്ധപ്പെട്ട് പ്രസിദ്ധീകരിച്ചിട്ടുള്ള മാർഗ്ഗരേഖ വിദ്യാഭ്യാസ മേഖലയിൽ സംഘർഷങ്ങൾ ഉണ്ടാക്കാനും സമാധാനപരമായി നടന്നുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസ അന്തരീക്ഷത്തെ തകർക്കാനും ഇടയാക്കും. ചിലയിടങ്ങളിൽ സ്ക്കൂൾ സമയം മാറ്റാനുള്ള തീരുമാനം എടുത്തിട്ടുണ്ട്. കൂടാതെ ജീവനക്കാരുടെമേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. അക്കാദമിക് കാര്യങ്ങളിൽ ഗവൺമെന്റിൽ നിക്ഷിപ്തമായ ഭരണപരമായ അധികാരങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയാൽ പൊതു വിദ്യാഭ്യാസരംഗം തകരും. ഹയർ സെക്കന്ററി സ്കൂളുകളുടെ അക്കാദമിക്ക് അധികാരംപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും എത്രത്തോളം കൊടുക്കാമെന്നതു സംബന്ധിച്ച് രാഷ്ട്രീയ പാർട്ടികളുമായും അദ്ധ്യാപക വിദ്യാർത്ഥി സംഘടനകളുമായും ചർച്ച ചെയ്ത് തീരുമാനമെടുക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): പൊതു വിദ്യാഭ്യാസ രംഗത്ത് നിലവിലുള്ള മുഴുവൻ റെസ്പോൺസിബിലിറ്റിയും തുടർന്നും നിർവഹിക്കാൻ തന്നെയാണ് വിദ്യാഭ്യാസ വകുപ്പ് ഉദ്ദേശിക്കുന്നത്. മുൻ സർക്കാർ ഉത്തരവുകളിലൂടെ കൈമാറിയ അധികാരങ്ങൾ മാത്രമേ ത്രിതല പഞ്ചായത്തുകൾക്ക് അനുവദിച്ചിട്ടുള്ളൂ. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിൽ ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങൾ വലിയ പങ്ക് വഹിക്കുന്നുണ്ട്. പഞ്ചായത്തുകൾ വിദ്യാഭ്യാസ കാര്യങ്ങളിൽ കൂടുതൽ താൽപര്യം പ്രകടിപ്പിക്കുകയും ഇടപെടുകയും ചെയ്യുന്നത് വളരെ നല്ല കാര്യമാണ്. ചില പഞ്ചായത്തുകൾ അവർക്ക് ഇടപെടാൻ കഴിയുന്നതിലുമപ്പുറം ഇടപെടുന്നു എന്നുള്ള പരാതി ഉചിതമായ രൂപത്തിൽ പരിഹരിക്കാൻ കഴിയും. ത്രിതല പഞ്ചായത്തുകൾ വഹിച്ചുകൊണ്ടിരിക്കുന്ന പങ്കുകളെ ശ്ലാഘിച്ചുകൊണ്ട് തുടർന്നും അത് നിർവ്വഹിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ് ചെയ്യേണ്ടത്. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാരുടെമേൽ ഒരു ശിക്ഷാ നടപടിയും എടുക്കാനുള്ള അവകാശം തദ്ദേശഭരണ സ്ഥാപനങ്ങൾക്കില്ല. എന്നാൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിധിയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടെ ഭാഗത്ത് ഗുരുതരമായ വീഴ്ചകൾ ഉണ്ടായാൽ അത് വിദ്യാഭ്യാസ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ള അധികാരം ത്രിതല പഞ്ചായത്തുകൾക്കുണ്ട് അക്കാദമിക്ക് കാര്യങ്ങളിൽ സംസ്ഥാന തലത്തിൽ മേൽനോട്ടം വഹിക്കുന്നത് എസ്.സി.ഇ.ആർ.ടി. ആണ്.

(2) കാലവർഷക്കെടുതിമൂലം വിളനാശം സംഭവിക്കുന്ന കർഷകർക്കുള്ള നഷ്ടപരിഹാരം

ശ്രീ. ജോർജ് എം. തോമസ്: അടുത്തകാലത്തുണ്ടായ കാലവർഷക്കെടുതിമൂലം കോഴിക്കോട് ജില്ലയിലെ ആയിരക്കണക്കിന് കർഷകരുടെ വിളകൾ നശിക്കുകയും വീടുകൾ നഷ്ടപ്പെടുകയും ചെയ്തു. 1994-ലെ ഓർഡർ പ്രകാരം ഇന്ന് നൽകുന്ന നഷ്ടപരിഹാരത്തുക വളരെ കുറവാണ്. പ്രകൃതിക്ഷോഭവും വെള്ളപ്പൊക്കവും കാരണം വീടും കാർഷിക വിളകളും നഷ്ടപ്പെട്ടവർക്ക് കൊടുത്തുകൊണ്ടിരിക്കുന്ന നഷ്ടപരിഹാരത്തുക അടിയന്തിരമായി വർദ്ധിപ്പിക്കണം. ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള മാനദണ്ഡപ്രകാരമുള്ള നഷ്ടപരിഹാരമെങ്കിലും കൊടുക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളും ഗവൺമെന്റും വിഹിതം നൽകി കാർഷിക വിളകൾക്ക് പൂർണ്ണ ഇൻഷ്വറൻസ് പരിരക്ഷ നൽകാൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): കാലവർഷക്കെടുതിമൂലം വിളനാശം സംഭവിച്ചവർക്കും വീട് നഷ്ടപ്പെട്ടവർക്കും മരണപ്പെട്ടവരുടെ ആശ്രിതർക്കും നിലവിലുള്ള നിബന്ധനയനുസരിച്ച് നൽകിവരുന്ന നഷ്ടപരിഹാരത്തുക തുച്ഛമാണെന്നത് ഗവൺമെന്റിന് ബോദ്ധ്യമാണ്. നിലവിലുള്ള നിബന്ധനകളനുസരിച്ച് കർഷകർക്ക് അർഹതപ്പെട്ട നഷ്ടപരിഹാരം ലഭിക്കാൻ തടസ്സങ്ങളുണ്ട്. പ്രകൃതിദുരന്തംമൂലം നഷ്ടമുണ്ടായവർക്ക് 4 സെന്റിൽ കവിയാത്ത ഭൂമി നൽകാൻ പാടില്ലെന്ന വ്യവസ്ഥ മാത്രമാണ് ഏക ആശ്വാസം. കേന്ദ്ര ഗവൺമെന്റിൽ ഇത് സംബന്ധിച്ച അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമർപ്പിക്കുകയും നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട്

കേന്ദ്ര ആഭ്യന്തര-കൃഷി വകുപ്പ് മന്ത്രിമാർക്ക് നിവേദനങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. തുടർ ചർച്ചകളുടെയും കേന്ദ്ര ഗവൺമെന്റിന്റെ ഉത്തരവുകളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ പുന:പരിശോധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ നോംസിൽ മാറ്റം വരുത്തുമ്പോൾ മാത്രമേ നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കാൻ കഴിയുകയുള്ളൂ. വിവിധ വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന കാര്യം കേന്ദ്രത്തോട് ശക്തമായി ആവശ്യപ്പെടുന്നതാണ്.

## ചെയർമാൻമാരുടെ പാനൽ

സർവ്വശ്രീ സാജു പോൾ,. കെ. രാജു,. കെ. കുട്ടി അഹമ്മദ് കുട്ടി എന്നിവരെ പന്ത്രണ്ടാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളന കാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് സ്പീക്കർ നാമനിർദ്ദേശം ചെയ്തു.

## സബ്മിഷൻ

(1) തിരുവനന്തപുരം സ്വദേശി മുരുകനെ നൈജീരിയയിൽ തീവ്രവാദികൾ തട്ടിക്കൊണ്ടുപോയ സംഭവം

ശ്രീ. വി. സുരേന്ദ്രൻപിള്ള: തിരുവനന്തപുരം ജില്ലയിലെ ഈസ്റ്റ് നിയോജകമണ്ഡലത്തിൽപ്പെട്ട കമലേശ്വരം വാർഡിൽ ആര്യൻകുഴി ശാന്തിനഗർ സെക്കന്റ് സ്ട്രീറ്റിൽ ഗോകുലത്തിൽ ഗോപാലകൃഷ്ണൻ മകൻ മുരുകൻ നൈജീരിയയിലെ ജോലിസ്ഥലത്തേയ്ക്ക് പോകുന്ന വഴിയിൽ 17-05-2007-ന് തീവ്രവാദികൾ എന്ന് സംശയിക്കുന്നവർ തട്ടിക്കൊണ്ടു പോവുകയുണ്ടായി. പ്രവാസി-വിദേശകാര്യ വകുപ്പുകൾക്ക് ഇത് സംബന്ധിച്ച് ഫാക്സ് അയച്ചിട്ട് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. നൈജീരിയയിലെ ഇൻഡ്യൻ എമ്പസ്സിയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന്

മുരുകനെ ബന്ദികളിൽനിന്നും മോചിപ്പിക്കാനും ദുരൂഹത ഒഴിവാക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): മുരുകനെ നൈജീരിയയിലെ ഡെൽറ്റാ സ്റ്റേറ്റ് സാപ്ളെ എന്ന സ്ഥലത്തുവച്ച് തീവ്രവാദികൾ തട്ടിക്കൊണ്ടുപോയ വിവരം നൈജീരിയയിലെ ഇൻഡ്യൻ എമ്പസ്സിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും മുരുകനെ മോചിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഡൽഹിയിലെ നോർക്കാ സെൽവഴി തുടർ നടപടി സ്വീകരിക്കണമെന്ന് എമ്പസിയോട് ആവശ്യപ്പെട്ടിട്ടുണ്ട്; അവരുടെ മറുപടി പ്രതീക്ഷിക്കുകയാണ്.

(2) കശുവണ്ടി വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ

ശ്രീ. എ. എ. അസീസ്: കശുവണ്ടി മേഖലയിലെ നിയമങ്ങളും ചട്ടങ്ങളും ലംഘിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനും നിയമനിഷേധങ്ങൾ അവസാനിപ്പിക്കുന്നതിനും കാഷ്യൂ സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിലുള്ള എൻഫോഴ്സ്മെന്റ് സ്ക്വാഡിന്റെ പ്രവർത്തനം പുനരാരംഭിക്കുകയും സംസ്ഥാന-ജില്ലാടിസ്ഥാനത്തിൽ ട്രേഡ് യൂണിയൻ പ്രതിനിധികളെ ഉൾപ്പെടുത്തി എൻഫോഴ്സ്മെന്റ് ഉപദേശക സമിതി രൂപീകരിക്കാനും നടപടി സ്വീകരിക്കണം. അടഞ്ഞുകിടക്കുന്ന കാപ്പെക്സ് ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനും പിരിച്ചുവിട്ട തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകാനും അടിയന്തിര നടപടികൾ കൈക്കൊള്ളണം.

(ഇത് സംബന്ധിച്ച് ശ്രീ. ബി. രാഘവനും നോട്ടീസ് നൽകിയിട്ടുണ്ട്).

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ) : കശുവണ്ടി വ്യവസായ മേഖലയിലെ ഒരു വിഭാഗം തൊഴിലാളികൾക്ക് നിയമപരമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നിയോഗിച്ച കാഷ്യൂ സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ തൊഴിൽ വകുപ്പ്, എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഉദ്യോഗസ്ഥർ എന്നിവർ അടങ്ങുന്ന ടീം 99 ഫാക്ടറികൾ പരിശോധിച്ച് നിയമലംഘനം നടത്തിയ ഉടമകളുടെ പേരിൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുകയും അനധികൃത കുടിവറുപ്പ് കേന്ദ്രങ്ങൾ അടച്ചുപൂട്ടുകയും ചെയ്തിട്ടുണ്ട്. പോരായ്മകൾ നികത്തി കുടിവറുപ്പ് സമ്പ്രദായം പൂർണ്ണമായി നിരോധിക്കാനുതകുന്നവിധം നിയമ ഭേദഗതി കൊണ്ടുവരാൻ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കാപ്പെക്സിന്റെ ഡയറക്ടർ ബോർഡ് പുന:സംഘടിപ്പിക്കാനും ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കാനും ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. കാഷ്യൂ കോർപ്പറേഷനും കാപ്പെക്സിനും ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കാമെന്ന് ധനകാര്യവകുപ്പ് സമ്മതിച്ചിട്ടുണ്ട്.

(3) മലപ്പുറം ജില്ലയിൽ പ്ളസ് ടു കോഴ്സിന് സ്കൂളുകളും ബാച്ചുകളും അനുവദിക്കണമെന്ന ആവശ്യം

ശ്രീ. എ. പി. അനിൽകുമാർ: മലപ്പുറം ജില്ലയൽ ഈ വർഷം എസ്.എസ്.എൽ.സി. പാസ്സായ വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിനാവശ്യമായ സ്കൂളുകളും ബാച്ചുകളും അനുവദിക്കാൻ നടപടി സ്വീകരിക്കണം.

(ഇത് സംബന്ധിച്ച് സർവ്വശ്രീ. എ.സി. മൊയ്തീൻ, കെ.വി. കുഞ്ഞിരാമൻ, കെ. കുഞ്ഞമ്മത് മാസ്റ്റർ, രാമചന്ദ്രൻ കടന്നപ്പള്ളി, കെ. കുട്ടി അഹമ്മദ് കുട്ടി, വി. ശശികുമാർ എന്നിവരും നോട്ടീസ് നൽകിയിട്ടുണ്ട്).

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): മലബാർ മേഖലയിൽ പ്ളസ് ഒൺ പഠനത്തിനുള്ള ക്രമീകരണം അപര്യാപ്തമാണെന്ന് വസ്തുനിഷ്ഠമായി ബോധ്യപ്പെട്ടാൽ അത് പരിഹരിക്കുന്നതാണ്. പ്ളസ് ഒൺ പഠനത്തിന് സർക്കാർ സ്കൂളുകൾക്ക് മുൻഗണന കൊടുക്കും. ഹയർ സെക്കൻഡറി ഉള്ള സ്കൂളുകളിൽ അധിക ബാച്ച് അനുവദിക്കുകയും  അതില്ലാത്ത സർക്കാർ സ്കൂളുകളെ അപ്ഗ്രേഡ് ചെയ്യുകയും ചെയ്യും. അക്കാഡമിക്കായ ഘടകങ്ങൾ കൂടി പരിഗണിച്ചുകൊണ്ട് ഉപരി പഠനത്തിന് താൽപ്പര്യമുള്ളവരുടെ പ്രശ്നം പരമാവധി പരിഹരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. കോളേജ് വിദ്യാഭ്യാസത്തിന്റെ പ്രശ്നം സർക്കാർ പരിശോധിക്കുന്നതാണ്.

## (4) കേരള ആന്റി സോഷ്യൽ ആക്ടിവിറ്റീസ് (പ്രിവൻഷൻ) ഓർഡിനൻസിന്റെ ദുരുപയോഗം

ശ്രീ. എം. ഉമ്മർ: കേരള ആന്റി സോഷ്യൽ ആക്ടിവിറ്റീസ് (പ്രിവൻഷൻ) ഓർഡിനൻസ് പ്രകാരം 17-06-2007-ന് കൊലപാതക കേസടക്കം ഉൾപ്പെടുത്തി അന്യായമായി ജയിലിലടച്ചിരിക്കുന്ന മലപ്പുറം വെളിയങ്കോട് വലിയപുരയ്ക്കൽ അലിമോൻ എന്ന 25 വയസ്സുള്ള യൂത്ത് ലീഗ് പ്രസിഡന്റിനെ മോചിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. സംസ്ഥാനത്ത് ഒരിടത്തും ഈ ഓർഡിനൻസ് ദുരുപയോഗം ചെയ്യുകയില്ലെന്ന് ഉറപ്പ് വരത്തണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): മലപ്പുറം ജില്ലാ പോലീസ് സൂപ്രണ്ടിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അലിമോന്റെ പേരിൽ ഡിറ്റെൻഷൻ ഓർഡർ പുറപ്പെടുവിച്ചിട്ടുള്ളത്. പൊന്നാനി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വധോദ്യമവും നരഹത്യാശ്രമവും ഉൾപ്പെടെയുള്ള ആറ് ക്രൈം കേസുകളിൽ ഇയാൾ പ്രതിയാണ്. അതിൽ അഞ്ച് കേസുകളുടെ കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. മറ്റൊരു കേസ് അന്വേഷണത്തിലാണ്. ഇദ്ദേഹത്തിന്റെ സാന്നിദ്ധ്യം സ്ഥലത്തെ ക്രമസമാധാനാന്തരീക്ഷം തകരാൻ സാധ്യതയുണ്ടെന്ന് കണ്ടതുകൊണ്ടാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. സമാധാന അന്തരീക്ഷം തകർക്കുകയും ദേശീയ വിരുദ്ധ പ്രവർത്തനം നടത്തുകയും മാഫിയ പ്രവർത്തനത്തിൽ വ്യാപൃതരാവുകയും ചെയ്യുന്നവരുടെ പേരിൽ കക്ഷി രാഷ്ട്രീയ ഭേദമെന്യേ നടപടി സ്വീകരിക്കും. ഇക്കാര്യത്തിൽ ആക്ഷേപമുണ്ടെങ്കിൽ ജസ്റ്റിസ് ദിനേശൻ ചെയർമാനായിട്ടുള്ള ഉപദേശക സമിതിയെ സമീപിക്കാവുന്നതാണ്. യാതൊരു തരത്തിലും ഈ നിയമം ദുരപയോഗപ്പെടുത്താതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(5) തിരൂരിലെ കോടതി സമുച്ചയ നിർമ്മാണം

ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി: സ്തംഭനാവസ്ഥയിലിരിക്കുന്ന തിരൂർ കോടതി സമുച്ചയത്തിന്റെ നിർമ്മാണ പ്രവൃത്തി അടിയന്തിരമായി ഏറ്റെടുത്ത് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): തിരൂരിൽ കോടതി സമുച്ചയ നിർമ്മാണ

ത്തിന് 27-05-2004-ൽ ഭരണാനുമതി നൽകിയ 10-08-2005-ലെ ടെൻഡർ കമ്മിറ്റി 20 ശതമാനം അധിക തുകയ്ക്ക് അംഗീകാരം നൽകിയെങ്കിലും സ്ഥലം മുഴുവനായി കൈമാറാൻ കഴിയാതിരുന്നതുകൊണ്ട് നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനയും കൂലിയിൽ വന്ന വർദ്ധനവും മൂലം കരാർ തുകയ്ക്ക് പുറമേ 35 ശതമാനം അധിക തുക കൂടി കരാറുകാരൻ ആവശ്യപ്പെട്ടതുകൊണ്ടാണ് ഈ സ്തംഭനാവസ്ഥ വന്നത്. നിലവിലുള്ള കരാർ ഉടമ്പടി നിയമാനുസൃതം റദ്ദ് ചെയ്ത് പുതിയ എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി നടത്താനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(6) <u>കടലാക്രമണ പ്രതിരോധ പദ്ധതികൾ</u>

<u>ശ്രീ. ടി. എൻ. പ്രതാപൻ</u>: സംസ്ഥാനത്തെ തിരുവനന്തപുരം മുതൽ കാസർകോഡ് വരെയുള്ള ഒമ്പത് തീരദേശ ജില്ലകളിൽ കഴിഞ്ഞ ദിവസങ്ങളിൽ ഉണ്ടായ അതിരൂക്ഷമായ കടലാക്രമണത്തിൽ നിരവധി വീടുകളും കടൽഭിത്തിയും തകർന്നുപോവുകയും പതിനായിരക്കണക്കിന് ഏക്കർ സ്ഥലങ്ങളിൽ തെങ്ങുകൾ നശിച്ചുപോകുകയും ചെയ്തിട്ടുണ്ട്. കരിങ്കല്ല് കിട്ടാത്തതുകൊണ്ട് ടെൻഡർ നടപടികൾ പൂർത്തിയാക്കിയ പ്രവൃത്തികൾ പോലും നടത്താൻ കഴിയാതെ വന്നിരിക്കുകയാണ്. അംഗീകൃത ക്വാറികളിൽ നിന്ന് മാത്രമല്ലാതെ സ്വകാര്യ ക്വാറികളിൽ നിന്നു കൂടി കരിങ്കല്ലെടുക്കാനുള്ള അനുവാദം നൽകാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകണം. 12-ാം ധനകാര്യ കമ്മിഷനിലും സുനാമി ദുരിതാശ്വാസ ഫണ്ടിലുമായി ലഭിച്ച തുക പൂർണ്ണമായി പ്രയോജനപ്പെടുത്തി സംസ്ഥാനത്തെ തീരദേശത്തെ സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. കടലാക്രമണ രൂക്ഷത കണക്കിലെടുത്ത് തീരദേശങ്ങളിൽ

മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും മാറ്റിപ്പാർപ്പിക്കപ്പെട്ടവർക്കും സൗജന്യ റേഷൻ നൽകുന്നതിനുള്ള അടിയന്തിര ഉത്തരവും നൽകണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): സംസ്ഥാനത്ത് കഴിഞ്ഞ വർഷങ്ങളിൽ ഉണ്ടായതിനേക്കാൾ രൂക്ഷമായ കടലാക്രമണമാണ് ഇപ്രാവശ്യം ഉണ്ടായിട്ടുള്ളത്. 12-ാം ധനകാര്യ കമ്മീഷനിലേയും സുനാമി ദുരിതാശ്വാസ ഫണ്ടും കൂടി ചേർത്ത് 400 കോടിയോളം രൂപയുടെ വർക്ക് 2006-2010 കാലാവധിക്കുള്ളിൽ പൂർത്തിയാക്കേണ്ടതുണ്ട്. അതിൽ 12-ാം ധനകാര്യ കമ്മീഷന്റെ വർക്കുകൾ മുഴുവൻ അവാർഡ് ചെയ്ത് ഭരണാനുമതി കൊടുത്തിട്ടുണ്ട്. നിലവിലുള്ള ചട്ടവും നിയമവും അനുസരിച്ച് അംഗീകൃത ക്വാറികളിൽ നിന്നു മാത്രമേ പാറ എടുത്ത് പണി ചെയ്യാൻ കഴിയുകയുള്ളൂ. റവന്യൂ വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ട് ഈ പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. അടിയന്തിര ആശ്വാസമെന്ന നിലയിൽ ചീഫ് എഞ്ചിനിയറുടെ ചുമതലയിൽ ഇക്കാര്യത്തിൽ അടിയന്തിര പ്രവർത്തനങ്ങൾ നടത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. താൽക്കാലിക കടൽഭിത്തി നിർമ്മിക്കുന്നതിന് ലക്ഷക്കണക്കിന് രൂപയാണ് ഇപ്പോൾ ചെലവഴിക്കുന്നത്.

റവന്യൂവകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : കടലോര മേഖല കളിലെ ക്യാമ്പുകളിൽ സൗജന്യ റേഷൻ കൊടുത്തുതുടങ്ങി. ആലപ്പുഴ ജില്ലയിൽ കൂടുതൽ ക്യാമ്പുകൾ ആരംഭിച്ചിട്ടുണ്ട് കടലാക്രമണം രൂക്ഷമായ പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് ബി.പി.എൽ./എ.പി.എൽ. വ്യത്യാസ

മില്ലാതെ രണ്ടാഴ്ചത്തേയ്ക്ക് സൗജന്യ റേഷൻ കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(7) <u>പൊഴിയൂരിലെ കടലാക്രമണം</u>

<u>ശ്രീ. ആർ. സെൽവരാജ്</u> : പാറശ്ശാല നിയോജകമണ്ഡലത്തിലെ പൊഴിയൂർ പ്രദേശത്ത് അതിരൂക്ഷമായ കടലാക്രമണംമൂലം മൽസ്യത്തൊഴിലാളികളുടെ വീടുകൾ നിത്യേന നശിച്ചുകൊണ്ടിരിക്കുന്നതിനാൽ പ്രസ്തുത പ്രദേശത്തെ ജനങ്ങളെ മാറ്റിപാർപ്പിക്കുന്നതിന് ശാശ്വതമായ നടപടികൾ സ്വീകരിക്കണം. ജീവനോപാധികൾ നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകുന്നതിനും അവിടെ താമസിക്കുന്ന ജനങ്ങൾക്ക് സൗജന്യ റേഷൻ നൽകുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ. പി. രാജേന്ദ്രൻ ):</u> പൊഴിയൂരിലുണ്ടായ കടലാക്രമണത്തിൽ മൂന്ന് വീടുകൾ പൂർണ്ണമായും 475 വീടുകൾ ഭാഗികമായും തകർന്നുവെന്നും ലക്ഷക്കണക്കിന് രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായെന്നുമാണ് റിപ്പോർട്ട്.. വള്ളവും വലയും നഷ്ടപ്പെട്ടവർ സഹായത്തിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് എത്രയുംവേഗം അപേക്ഷ സമർപ്പിക്കണം. വീട് നഷ്ടപ്പെട്ടവരെ മാറ്റി പാർപ്പിക്കുന്നതിനുവേണ്ടി എത്ര ക്യാമ്പുകൾ വേണമെങ്കിലും തുടങ്ങാൻ സ്കൂളുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇന്നലെ മുതൽ അവിടെ സൗജന്യ റേഷൻ കൊടുത്തുതുടങ്ങി. നാശനഷ്ടം സംഭവിച്ചതുസംബന്ധിച്ച് റിപ്പോർട്ടുകൾ കിട്ടുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(8) ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തുകളിലെ കടലാക്രമണം

ശ്രീ. ബി. ബാബുപ്രസാദ് : ആറാട്ടുപുഴ പഞ്ചായത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന കടലാക്രമണത്തിൽപെട്ട് 15 കോടി രൂപയുടെ നാശനഷ്ടം വന്നിരിക്കുന്നു. ദുരിതാശ്വാസ ക്യാമ്പുകളിലെ ജനങ്ങളുടെ ജീവിതവും ദുരിതത്തിലാണ്. ഇവർക്കുവേണ്ടിപ്രഖ്യാപിച്ച പാക്കേജുകളിൽ ഒരെണ്ണംപോലും കാലവർഷത്തിനു മുമ്പ് യാഥാർത്ഥ്യമാക്കാനോ അതിന്റെ ഫലം കൊടുക്കാനോ കഴിഞ്ഞിട്ടില്ല. ആറാട്ടുപുഴ പഞ്ചായത്തിൽ അഞ്ച് കി.മീ. സ്ഥലത്തും തൃക്കുന്നപ്പുഴ പഞ്ചായത്തിലും കടൽഭിത്തിയില്ല. ഈ പ്രശ്നങ്ങൾക്ക് അടിയന്തിര പരിഹാര നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സംസ്ഥാനത്ത് കടലാക്രമണം ആദ്യമുണ്ടായ ആറാട്ടുപുഴയിൽ 6 ദുരിതാശ്വാസക്യാമ്പുകളിലായി 146 കുടുംബങ്ങളെ മാറ്റിപാർപ്പിച്ച് സൗജന്യ ഭക്ഷണവും മറ്റു കാര്യങ്ങളും കൊടുത്തിരുന്നു. ഇപ്പോൾ രണ്ട് ക്യാമ്പുകളിലായി 23 കുടുംബങ്ങളുണ്ട്. വകുപ്പുമന്ത്രിമാരുടേയും ബന്ധപ്പെട്ട ഉയർന്ന ഉദ്യോഗസ്ഥരുടേയും നേതൃത്വത്തിൽ ചർച്ചകൾ നടത്തുകയും തീരുമാനങ്ങളെടുക്കുകയും ചെയ്തതിനുപുറമെ മന്ത്രിസഭായോഗം തന്നെ ആറാട്ടുപുഴയുടെ കാര്യത്തിൽ പ്രത്യേക തീരുമാനമെടുത്ത് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കടൽക്ഷോഭം രൂക്ഷമായതിനെത്തുടർന്ന് തൃക്കുന്നപ്പുഴ പഞ്ചായത്തിലും മുളയ്ക്കൽ ചേലക്കാട് പ്രദേശങ്ങളിലും പാറയടുക്കി വീടുകളുടെ സംരക്ഷണ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. ഗവണ്മെന്റിന്റെ ഭാഗത്തുനിന്ന് കൂടുതൽ നടപടികൾ സ്വീകരിക്കുന്നതാണ്.

(൯) ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിലെ പ്രശ്നങ്ങൾ

ശ്രീ. പി. വിശ്വൻ : മൽസ്യത്തൊഴിലാളികളുടെ കുട്ടികൾ പഠിക്കുന്ന ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ ആവശ്യമായ കെട്ടിടങ്ങളോ മറ്റ് ഭൗതിക സാഹചര്യങ്ങളോ സ്റ്റാഫോ ഇല്ല. ഫിഷറീസ്, സയൻസ് എന്നീ വിഷയങ്ങളുടെ ടെക്സ്റ്റുബുക്കുകൾ ലഭിച്ചിട്ടില്ല. റസിഡൻഷ്യൽ ഗേൾസ് സ്കൂളിൽ സ്ഥിര വാർഡന്മാരില്ല. ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരനടപടികൾ സ്വീകരിക്കണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): ഒൻപത് തീരദേശജില്ലകളിലായി കുട്ടികൾക്ക് താമസിച്ചു പഠിക്കാവുന്ന 10 ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകളാണ് നിലവിലുള്ളത്. മിക്ക സ്കൂളുകളിലും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത അനുഭവപ്പെടുന്നുണ്ട്. ഈ വർഷം സ്കൂളുകളുടെ ആവശ്യത്തിന് 80 ലക്ഷം രൂപയും മൽസ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസ ആനുകൂല്യത്തിന് 350 ലക്ഷം രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രതികൂല സാഹചര്യമുണ്ടായിട്ടും ഈ വർഷം അഞ്ച് ഫിഷറീസ് സ്കൂളുകളിൽ എസ്.എസ്.എൽ.സി.ക്ക് 100 ശതമാനം വിജയമായിരുന്നു. സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി തീരദേശ മേഖലയിലെ ഫിഷറീസ് സ്കൂളുകൾ പുനരുദ്ധരിക്കുന്നതിന് ബന്ധപ്പെട്ട സെക്രട്ടറിമാരുടെ ഒരു സബ്കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മൽസ്യമേഖലയിലെ സ്കൂളുകളെ പുനരുദ്ധരിക്കുന്നതിന് 5.75 കോടി രൂപ അടങ്കൽ തുക വരുന്ന പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. ഫിഷറീസ് മേഖലയിലെ സ്കൂളുകളെ

പുനരധിവാസപദ്ധതിയിൽപെടുത്തി പുനരുദ്ധരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനമനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം.**

2007-ലെ കേരള വർഷകാല മൽസ്യബന്ധനം (സമുദ്രോപരിതലം) സംരക്ഷണ ബില്ലിനെ സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു

**ധനകാര്യം**

2007-08 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ II - സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ.

(119,63,35,000 രൂപ)

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി ( ഡോ. തോമസ് ഐസക്): സംസ്ഥാന ഭരണ തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാ

ഭ്യർത്ഥനയെ സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

സർവ്വശ്രീ വി.ഡി. സതീശൻ, ജി. കാർത്തികേയൻ, കെ.സി.ജോസഫ്, ടി.എൻ .പ്രതാപൻ, കെ. സുധാകരൻ, എൻ. ശക്തൻ, എം.എ. വാഹീദ്, അടൂർ പ്രകാശ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, ആര്യാടൻ മുഹമ്മദ്, ജോസഫ് എം. പുതുശ്ശേരി, വി.കെ. ഇബ്രാഹിംകുഞ്ഞ്, യു.സി. രാമൻ, കെ.കുട്ടി അഹമ്മദ് കുട്ടി, സി.ടി. അഹമ്മദ് അലി, അബ്ദുറഹിമാൻ രണ്ടത്താണി, കെ. മുഹമ്മ ദുണ്ണി ഹാജി എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : ധനാഭ്യർത്ഥനയെ എതിർക്കുന്നു. പൊതുഭരണത്തെക്കുറിച്ച് വിലയിരുത്തുമ്പോൾ ചീഫ് സെക്രട്ടറിയടക്കമുള്ള ഉദ്യോഗസ്ഥന്മാർ ഗ്യാലറിയിലില്ല. ജനകീയ പ്രശ്നങ്ങൾക്ക് ഇവിടെ പരിഹാ രമില്ല. ഗവണ്മെന്റ് ഉണ്ടാക്കിയ പ്രശ്നങ്ങളും സ്വാഭാവികമായി ഉയർന്നുവന്ന പ്രശ്നങ്ങളും ചേർന്ന് ഈ സംസ്ഥാനത്തെ തകർക്കുകയാണ്. വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ, ആരോഗ്യരംഗത്തെ പിടിപ്പില്ലായ്മ, കുത്തഴിഞ്ഞ നിയമസമാധാനരംഗം, രൂക്ഷമായ വിലക്കയറ്റം എ.ഡി.ബി. ലോണിന്റെ കാര്യ ത്തിലുള്ള പ്രശ്നങ്ങൾ, മൂന്നാറിലെ തിരിമറി എന്നിവമൂലം ജനങ്ങൾ കഷ്ടപ്പെടുന്നു. മെഡിക്കൽ/എൻജിനിയറിംഗ് വിദ്യാഭ്യാസ ഫീസിനെ സംബ ന്ധിച്ച ജസ്റ്റിസ് മുഹമ്മദ് കമ്മിറ്റിയുടെ തീരുമാനം ഗവണ്മെന്റുതന്നെ പൊളി ച്ചു. ഈ ഗവണ്മെന്റിന്റെ തീരുമാനം അന്യ സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ ലോബികൾക്ക് സഹായകരമാകുകയാണുണ്ടായത്. സംസ്ഥാനത്ത് ലക്ഷക്ക ണക്കിനാളുകൾ പനിപിടിച്ച് മരിക്കുന്നു. എസ്.എ.ടി. ആശുപത്രിയിൽ കഴിഞ്ഞ മേയ്മാസത്തിൽ മാത്രം 24 കുട്ടികൾ മരിച്ചു. ചിക്കുൻഗുനിയ

ബാധിത പ്രദേശങ്ങളിലെ ആളുകൾക്ക് കൊടുക്കേണ്ട സഹായം കൊടുക്കുന്നതിനു നടപടി സ്വീകരിക്കണം. വേസ്റ്റ് ഡിസ്പ്പോസലിനുവേണ്ടി നീക്കിവച്ചിരുന്ന 15 ലക്ഷം രൂപയിൽ കൂടുതൽ തുകയും ലാപ്സായിപ്പോകുന്ന സാഹചര്യം ഇവിടെയുണ്ടായി. കേരളത്തിലെ മെഡിക്കൽ വകുപ്പിൽ 609.32 ലക്ഷം രൂപ ലാപ്സായിപ്പോയി. ഈ ഗവൺമെന്റ് എൻ.ആർ.എച്ച്. സ്കീമിൽ ഒരുവർഷക്കാലത്തിനുള്ളിൽ ചെലവാക്കേണ്ട 31 കോടി രൂപ ചെലവാക്കാതെ ഈ വർഷത്തേയ്ക്ക് ക്യാരി ഓവർ ചെയ്തു. കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന തുക വേണ്ട രീതിയിൽ ചെലവഴിക്കാനുള്ള നടപടി ഈ ഗവൺമെന്റ് സ്വീകരിക്കുന്നില്ല. വില്ലേജ് ഓഫീസ് മുതൽ താലൂക്കാഫീസ് വരെയുള്ള വിവിധ ഓഫീസുകളിൽ കയറിയിറങ്ങേണ്ടതുകൊണ്ട് ഗവൺമെന്റ് അനുവദിക്കുന്ന സൗജന്യറേഷൻ അർഹരായവർക്ക് വേണ്ട സമയത്ത് ലഭിക്കുന്നില്ല. ഈ ഗവൺമെന്റ് കൂട്ടുത്തരവാദിത്വമില്ലാത്തതും ജനവിരുദ്ധവുമായ നടപടികളാണ് സ്വീകരിക്കുന്നത്.

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> : ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. കേരളത്തിന്റെ സമഗ്രവികസനത്തിന് അടിത്തറ പാകിയ വർഷമാണ് പിന്നിട്ട വർഷം. അത് മനസ്സിലാക്കിയ ജനങ്ങളും മാധ്യമങ്ങളും വിവിധ രാഷ്ട്രീയ പാർട്ടികളും ഗവൺമെന്റിനെ അനുമോദിക്കുകയാണ്. ഈ ഗവൺമെന്റ് ഒരു വർഷക്കാലത്തിനിടയിൽ കൊച്ചി വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ പണി ആരംഭിച്ചു. കൊച്ചിൻ റിഫൈനറിക്കായി 3000 കോടി രൂപ അനുവദിച്ച് രണ്ടാംഘട്ട പണി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു. വിഴിഞ്ഞം ഹാർബറിന്റെ പണി ഈ വർഷംതന്നെ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി. മനുഷ്യാവകാശ കമ്മീഷന്റെ സുഗമമായ

പ്രവർത്തനത്തിന് എല്ലാ ജില്ലകളിലും ആസ്ഥാനമുണ്ടാക്കി. ചേർത്തലയിൽ വാഗൺ നിർമ്മാണ ഫാക്ടറിയുടെ പ്രവർത്തനം ആരംഭിക്കുമെന്ന് പറഞ്ഞു. കണ്ണൂർ വിമാനത്താവളത്തിന് 2000 ഏക്കർ ഭൂമി ഫാസ്റ്റ് ട്രാക്കിൽ എടുക്കാനും സ്മാർട്ട് സിറ്റി, ടെക്നോപാർക്ക്, ഇൻഫോ പാർക്ക് എന്നിവ യാഥാർത്ഥ്യമാക്കാനും ഗവൺമെന്റ് നടപടി സ്വീകരിച്ചു. മുൻ ഗവൺമെന്റ് 33,000 പേർക്ക് തൊഴിലവസരങ്ങൾ കിട്ടുമെന്നുപറഞ്ഞ സ്ഥാനത്ത് 90,000 തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട്, 26 ശതമാനം സർക്കാർ ഓഹരി വിഹിതം നൽകി സ്മാർട്ട് സിറ്റി കരാറിൽ ഒപ്പുവച്ചു. തിരുവനന്തപുരം വിമാനത്താവളത്തിന്റെ എയർ ക്രാഫ്റ്റ് മെയിന്റനൻസ് യൂണിറ്റ് ആരംഭിക്കാൻ 5.88 ഹെക്ടർ സ്ഥലം എയർ ഇൻഡ്യയ്ക്ക് കൈമാറി. കോവളം മുതൽ കൊല്ലംവരെയുള്ള ജലപാത കമ്മീഷൻ ചെയ്യാൻ നടപടി സ്വീകരിച്ചു. വിനോദസഞ്ചാരമേഖലയിൽ ഏറ്റവും വലിയ ഡെസ്റ്റിനേഷനായി കേരളം മാറുകയാണ്. ധനകാര്യ വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെട്ടു. ഈ വർഷം 4300 കോടി രൂപയുടെ വിൽപ്പന നികുതി പിരിച്ചു; അത് 6000 കോടി രൂപയായി വർദ്ധിപ്പിക്കാൻ ഗവൺമെന്റ് ശ്രമിക്കുകയാണ്. റെയിൽവേ വഴിയുള്ള കള്ളക്കടത്ത് കണ്ടുപിടിച്ചതിലൂടെ എട്ടരക്കോടി രൂപയുടെ നികുതി വെട്ടിപ്പ് തടഞ്ഞു. ധനകാര്യ വകുപ്പിന്റെ പ്രവർത്തനം ഇൻഡ്യയ്ക്കാകെ മാതൃകയാണ്. ഇൻഡ്യയിൽ വിലക്കയറ്റം തടയുന്നതിന് ശക്തമായ നടപടി സ്വീകരിച്ച സംസ്ഥാനം കേരളമാണ്. നഷ്ടത്തിലേയ്ക്ക് പൊയ്ക്കൊണ്ടിരുന്ന 22 പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കാൻ സാധിച്ചു. കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ മോഡറേഷനില്ലാത്ത വിജയ ശതമാനം 82

ആയി ഉയർത്താൻ സാധിച്ചത് വിദ്യാഭ്യാസ രംഗത്തെ നല്ല പ്രവർത്തനത്തിന്റെ ഫലമായിട്ടാണ്. ആരോഗ്യ രംഗത്ത് ഈ ഗവൺമെന്റ് ശ്രദ്ധേയമായ നടപടികൾ സ്വീകരിച്ചു.ഗുണ്ടാ ആക്ട് പാസ്സാക്കിയതിലൂടെ പല ഗുണ്ടകളേയും തടവിലാക്കാൻ സാധിച്ചു. ഈ ഗവൺമെന്റിന്റെ കാലത്ത് വർഗ്ഗീയ കലാപം ഉണ്ടായിട്ടില്ല. ടൂറിസം മേഖലയിൽ പുരോഗതി കൈവരിക്കാൻ സാധിച്ചു. കള്ളപ്പട്ടയത്തിലൂടെ അനധികൃതമായി ഭൂമി കൈവശംവച്ചിട്ടുള്ളത് കണ്ടെത്തി അത് ഏറ്റെടുക്കാൻ നടപടി സ്വീകരിക്കണം. ലാന്റ് അസൈൻമെന്റ് കമ്മിറ്റിയുടെ അനുവാദത്തോടുകൂടി നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ പൊളിക്കുന്നതിനും അനധികൃത കൈവശഭൂമി കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കണം. അനധികൃത കയ്യേറ്റത്തെ എതിർത്തുകൊണ്ട് കുടിയേറ്റക്കാരെ ഈ ഗവൺമെന്റ് സംരക്ഷിക്കും. കഴിഞ്ഞ ഒരുവർഷക്കാലത്തെ ഈ ഗവൺമെന്റിന്റെ പ്രവർത്തനം ലോക ശ്രദ്ധ പിടിച്ചുപറ്റിയിട്ടുണ്ട്.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : ധനാഭ്യർത്ഥനയെ എതിർക്കുന്നു. ഭരിക്കാൻ ഇച്ഛാശക്തിയില്ലാത്ത ഗവൺമെന്റാണിത്. മണൽ, ബ്ലേഡ്, സ്പിരിറ്റ് മാഫിയകളെ സഹായിച്ച് അഴിമതിക്ക് ഒത്താശ ചെയ്യുന്ന ഗവൺമെന്റാണിത്. സുരക്ഷിത സംസ്ഥാനം എന്ന പദവി കേരളത്തിന് നഷ്ടപ്പെട്ടിരിക്കുകയാണ്. ദേശീയ പാതയിലൂടെ സുഗമമായി യാത്ര ചെയ്യാൻ കഴിയാത്ത സാഹചര്യമാണ് ഇന്നുള്ളത്. ക്രിമിനൽ കേസ്സുകളുടെ എണ്ണവും കസ്റ്റഡി മരണവും വർദ്ധിച്ചിരിക്കുന്നു. ഗുണ്ടാ നിയമം രാഷ്ട്രീയ പ്രതിയോഗികളെ നേരിടാനാണ് ഉപയോഗിക്കുന്നത്. അബ്ദുൾ നാസർ മഅ്ദനിയെ മോചിപ്പിക്കാൻ നടപടി സ്വീകരിക്കണം. സാമ്പത്തികം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകൾ തകർന്നിരിക്കുകയാണ്.

ഈ ഗവൺമെന്റ് ഉന്നത വിദ്യാഭ്യാസ മേഖലയെ തകർത്തുകൊണ്ട് സ്വാശ്രയ മാനേജ്മെന്റുകളെ പ്രോൽസാഹിപ്പിക്കുകയാണ്. ആരോഗ്യമേഖലയിൽ വർദ്ധിച്ചുവരുന്ന സാംക്രമികരോഗങ്ങളും ശിശുമരണ നിരക്കും അമർച്ച ചെയ്യാൻ യാതൊരു നടപടികളും ഗവണ്മെന്റ് സ്വീകരിക്കുന്നില്ല. വ്യവസായമേഖലയിൽ സ്മാർട്ട് സിറ്റിയുടെ പേരിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന് പറഞ്ഞ് കേരളത്തിലെ ജനങ്ങളെ വിഡ്ഢികളാക്കുന്ന സമീപനമാണ് ഈ സർക്കാർ സ്വീകരിക്കുന്നത്.

<u>ശ്രീ. അൽഫോൺസ് കണ്ണന്താനം</u>: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. കേരളത്തിലെ ജനങ്ങൾക്കുവേണ്ടി ഒട്ടേറെ നല്ല കാര്യങ്ങൾ ചെയ്യാൻ ധൈര്യം കാണിച്ച ഒരു സർക്കാരാണിത്. സാമ്പത്തിക മേഖലയിൽ അച്ചടക്കമുണ്ടാക്കാനും മൂന്നാറിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനും ഈ ഗവണ്മെന്റിന് കഴിഞ്ഞു. ഭരണാനുമതി നൽകിയ എട്ട് പ്രാവശ്യം തറക്കില്ലിട്ട കാഞ്ഞിരപ്പള്ളി മിനി സിവിൽ സ്റ്റേഷന് വേണ്ടിയുള്ള കെട്ടിടം പണി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം. മാലിന്യക്കൂമ്പാരത്തിന് കാരണമായ പ്ളാസ്റ്റിക് നിരോധിച്ചുകൊണ്ടുള്ള നിയമം കേരള നിയസഭ പാസ്സാക്കിയിട്ട് അത് പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല. 30 മൈക്രോണിൽ താഴെയുള്ള പ്ളാസ്റ്റിക് വിൽക്കാൻ പാടില്ലെന്ന തീരുമാനം നടപ്പാക്കാൻ നടപടി സ്വീകരിക്കണം. ഇരുചക്രവാഹനങ്ങളിൽ സഞ്ചരിക്കുന്നവർ ഹെൽമെറ്റ് ധരിക്കണമെന്നുള്ള നിയമം കർശനമായി നടപ്പിലാക്കണം. വലിയ കെട്ടിടങ്ങൾ പണിയുന്നതിന് സാംഗ്ഷൻ വാങ്ങിയശേഷം പാർക്കിംഗ് ഏരിയ ഉൾപ്പെടെയുള്ള സ്ഥലത്ത് ഷോപ്പിംഗ് കോംപ്ളക്സ് പണിയുന്ന പ്രവണത അവസാനിപ്പിക്കണം.

ഗവണ്മെന്റ് പാസ്സാക്കുന്ന നിയമങ്ങൾ നടപ്പാക്കുന്നതിൽ ശുഷ്ക്കാന്തി കാണിക്കണം.

ശ്രീ. എൻ. അനിരുദ്ധൻ: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ഭരണരംഗത്ത് അഴിമതി കൊടികുത്തി വാണിരുന്ന കേരളത്തിൽ അഴിമതി രഹിതവും രാഷ്ട്രീയ സംശുദ്ധവുമായ ഒരു ഭരണത്തിന് നേതൃത്വം കൊടുക്കുന്ന ഇടതുപക്ഷജനാധിപത്യമുന്നണി ഗവണ്മെന്റിനെ പ്രശംസിക്കുകയാണ്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം നടപ്പാക്കിയ കർഷക കടാശ്വാസ നിയമം, തിരുവിതാംകൂർ-ദേവസ്വം ബോർഡ് നിയമം, സ്വാശ്രയ വിദ്യാഭ്യാസ നിയമം, ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ് ആക്ട് എന്നിവ കേരളത്തിലെ ജനങ്ങൾക്ക് പ്രയോജനപ്പെടുന്നവയാണ്. സിവിൽ സർവ്വീസ് പരിഷ്ക്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. മൽസ്യമേഖലയിലെ തൊഴിലാളികൾക്ക് ആശ്വാസമേകാൻവേണ്ടി നടപ്പാക്കാൻ പോകുന്ന മൽസ്യത്തൊഴിലാളി കടാശ്വാസ നിയമത്തെയും ആരോഗ്യ കേരളം, സ്മാർട്ട് സിറ്റി എന്നീ പദ്ധതികളെയും സ്വാഗതം ചെയ്യുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം വിലക്കയറ്റം നിയന്ത്രിക്കാൻ കഴിഞ്ഞു. വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഭാഗമായി അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ റവന്യൂ വകുപ്പ് എടുക്കുന്ന നടപടികൾ സ്വാഗതാർഹമാണ്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ കയ്യേറിയിരിക്കുന്ന സർക്കാർ ഭൂമി തിരിച്ചുപിടിക്കാനുള്ള ശ്രമത്തിൽ നിന്നും ഇടതുപക്ഷജനാധിപത്യമുന്നണി ഗവണ്മെന്റിനെ പിൻതിരിപ്പിക്കാനായി പ്രതിപക്ഷം നടത്തുന്ന ഗൂഢാലോചനകൾ വൃഥാവിലാകുമെന്ന കാര്യത്തിൽ തർക്കമില്ല. അനധികൃതമായി ഭൂമി ആര് കൈവശം വച്ചിരുന്നാലും അത്

തിരിച്ചുപിടിക്കാൻ ഗവണ്മെന്റ് സന്നദ്ധമാണ്. അതിന്റെ പേര് പറഞ്ഞ് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യയെ തേജോവധം ചെയ്യുന്നതിനുള്ള നടപടിയിൽ നിന്ന് പ്രതിപക്ഷം പിന്മാറണം. കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യയെ കയ്യേറ്റ പാർട്ടിയായി ചിത്രീകരിക്കുന്നത് അപഹാസ്യമാണ്. കയ്യേറ്റക്കാർക്കെതിരെ ദൃഢനിശ്ചയത്തോടുകൂടി നടപടിയെടുക്കുന്ന ശ്രമകരമായ ജോലിയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. മൂന്നാറിൽ വിലയ്ക്കുവാങ്ങിയ ഭൂമിയിലാണ് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യയുടെ ഓഫീസ് സ്ഥിതിചെയ്യുന്നത്. അവിടെ 9,000-ൽ ചില്വാനം ഏക്കർ സർക്കാർ ഭൂമി തിരിച്ചെടുക്കാൻ കഴിഞ്ഞുവെന്നത് അഭിനന്ദനാർഹമാണ്.

<u>ശ്രീ. സി.എഫ്. തോമസ്</u>: ധനാഭ്യർത്ഥനയെ എതിർക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ആദ്യഘട്ടത്തിൽ ജനങ്ങളുടെ പ്രശംസ പിടിച്ചുപറ്റാൻ കഴിഞ്ഞുവെങ്കിലും ഇന്ന് ആ സ്ഥിതി മാറിയിരിക്കുകയാണ്. ഗവൺമെന്റിന് സംസ്ഥാനത്തെ ജനങ്ങളോട് ചില ഉത്തരവാദിത്വങ്ങളും കടമകളുമുണ്ടെന്ന കാര്യം വിസ്മരിക്കാൻ പാടില്ല. മൂന്നാറിൽ അനധികൃത പട്ടയത്തിൻമേൽ കിട്ടിയ സർക്കാർ ഭൂമിയിലാണ് സി.പി.ഐ.യുടെ ഓഫീസ് സ്ഥിതിചെയ്യുന്നതെന്ന സത്യം നിഷേധിക്കാനാവില്ല. പാർട്ടി ഓഫീസുകൾ പൊളിക്കരുതെന്ന ഉത്തരവ് കൊണ്ടുവന്നെങ്കിലും അവസാനം ഗവൺമെന്റിന് അതിൽ നിന്ന് പിന്മാറേണ്ടിവന്നു. നിയമം എല്ലാവർക്കും ഒരുപോലെയാകണം. അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കൽ നടപടിയിലുള്ള ഈ ഗവൺമെന്റിന്റെ ഇരട്ടത്താപ്പുനയം ഉപേക്ഷിക്കണം. പാവപ്പെട്ടവർക്ക് ചികിത്സാ സഹായമെത്തിക്കാനുതകുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയെ

ഈ ഗവൺമെന്റ് അട്ടിമറിച്ചു. അർഹതപ്പെട്ട പാവപ്പെട്ടവർക്ക് ചികിത്സാ സഹായം ലഭ്യമാക്കണം. നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കാൻ ഈ ഗവൺമെന്റ് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഈ ഗവൺമെന്റിന്റെ ഒരുവർഷത്തെ ഭരണം അഴിമതിയും സ്വജനപക്ഷപാതവും പാർട്ടി താത്പര്യം സംരക്ഷിക്കുന്നതുമായിരുന്നു. അത് തിരുത്താൻ തയ്യാറാകണം.

ശ്രീ. എം.കെ. പ്രേംനാഥ്: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. മൂന്നാർ ഭൂമി ഒഴിപ്പിക്കൽ നടപടിയിലൂടെ കേരളത്തിൽ ശക്തമായ ഭരണകൂടമുണ്ടെന്ന് തെളിയിച്ചിരിക്കുകയാണ്. മൂന്നാറിൽ 11,193 ഏക്കർ ഭൂമിയും 93 റിസോർട്ടുകളും പിടിച്ചെടുക്കുകയും അതുസംബന്ധിച്ച് 26 ക്രിമിനൽ കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുള്ള നടപടി ശ്ലാഘനീയമാണ്. ഭൂമി കയ്യേറ്റത്തിനെതിരെയുള്ള സർക്കാരിന്റെ സമഗ്രമായ മുന്നേറ്റം പ്രശംസനീയമാണ്. കേരളത്തിലെ സിവിൽ സർവ്വീസ് കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകാൻ നടപടിയുണ്ടാകണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കാർഷിക രംഗത്ത് ഉണ്ടായിട്ടുള്ള മാറ്റങ്ങൾ കണ്ടില്ലെന്ന് നടിക്കരുത്. കർഷക കടാശ്വാസ കമ്മീഷൻ നിലവിൽ വരികയും കാർഷിക കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്ത ഗവൺമെന്റിനെ അഭിനന്ദിക്കുന്നു. കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക വിതരണം ചെയ്തു. എറണാകുളത്തും തിരുവനന്തപുരത്തും ടെക്നോസിറ്റിക്കുള്ള നടപടി സ്വീകരിച്ചു. പൂട്ടിക്കിടന്ന മലബാർ കോട്ടൺ മിൽ, കേരള സോപ്പ്സ് ആൻഡ് ഓയിൽസ്, മാവൂർ ഗ്വാളിയോർ റയോൺസ് എന്നിവ പുനരുദ്ധരിക്കാൻ

നടപടി സ്വീകരിച്ചത് ശ്ലാഘനീയമാണ്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഉപരിതല മത്സ്യബന്ധനം നടത്തുന്നതിന് അനുവാദം നൽകുന്നതിന് വേണ്ടി ബില്ലുകൊണ്ടുവന്നതിനെ സ്വാഗതം ചെയ്യുന്നു. സഹകരണരംഗത്ത് കേരളീയം പദ്ധതി വഴി നിത്യോപയോഗ സാധനങ്ങളുടെ വില നിലവാരം പിടിച്ചുനിർത്താൻ കഴിഞ്ഞു. 'പോലീസ് ഫ്രണ്ട്‌ലി' എന്ന പദ്ധതി വഴി പോലീസും പൊതുജനങ്ങളും തമ്മിലുള്ള അകൽച്ച കുറയ്ക്കാൻ കഴിഞ്ഞുവെന്നത് ശ്രദ്ധേയമാണ്. ഈ ഗവൺമെന്റ് നെൽക്കൃഷി പരിപോഷിപ്പിക്കുന്നതിന് സഹായങ്ങൾ നൽകിക്കൊണ്ടിരിക്കുകയാണ്. ഷോപ്പ്സ് ആൻഡ് എസ്റ്റാബ്ലിഷ്‌മെന്റ് ആക്ടിലൂടെ തൊഴിലാളികൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകാൻ കഴിഞ്ഞിട്ടുണ്ട്. സ്മാർട്ട് സിറ്റിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കാതലായ മാറ്റങ്ങളുണ്ടാക്കിയിട്ടുണ്ട്. ദേവസ്വം മേഖലയിൽ അഴിമതിയും സ്വജനപക്ഷപാതവും പൂർണ്ണമായി ഇല്ലാതാക്കുവാൻ എടുത്ത സമീപനം ശ്ലാഘനീയമാണ്. ചരിത്രത്തിലാദ്യമായി 82% വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. പാസ്സാവുകവഴി വിദ്യാഭ്യാസരംഗത്തും സമഗ്രമായ മാറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്.

<u>ശ്രീ. പി.ജെ. ജോസഫ്</u>: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഈ ഗവൺമെന്റിന് സ്മാർട്ട് സിറ്റിയെ സംബന്ധിച്ച് എഗ്രിമെന്റുണ്ടാക്കാനും കേന്ദ്ര ഗവൺമെന്റ് അനുവദിച്ച പദ്ധതികൾ സജീവമായി മുന്നോട്ടുകൊണ്ടുപോകാനും കഴിഞ്ഞു. ആലപ്പുഴയിൽ റെയിൽവേ കോച്ച് ഫാക്ടറി സ്ഥാപിക്കുമെന്ന് റെയിൽവേ ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ളതും കണ്ടെയ്നർ ടെർമിനലിന്റെ പണികൾ മുന്നോട്ടുപോകാൻ സാധിക്കുന്നതും സ്വാഗതാർഹമായ നടപടിയാണ്. ഇൻഫ്രാസ്ട്രക്ചർ

രംഗത്ത് വളരെയധികം പുരോഗതിയുണ്ടാക്കി. അനധികൃത കയ്യേറ്റഭൂമി ഒഴിപ്പിക്കൽ സംബന്ധിച്ച് ജനങ്ങളുടെയിടയിൽ നല്ല പ്രതികരണമുണ്ടാക്കിയിട്ടുണ്ട് എന്ന വസ്തുത നിഷേധിക്കാനാവില്ല. ഇടുക്കി ജില്ലയിൽ 1935-ൽ ലാന്റ് അസൈൻമെന്റ് ആക്ടു പ്രകാരം വീടു വയ്ക്കുന്നതിനും കൃഷി ചെയ്യുന്നതിനുംവേണ്ടി കൊടുത്ത. പട്ടയമുപയോഗിച്ച് അനധികൃതമായി കെട്ടിടങ്ങളും റിസോർട്ടുകളും പണിതിട്ടുണ്ടെങ്കിൽ അവ പൊളിച്ചു മാറ്റണം. വനഭൂമി സംരക്ഷിക്കാനും. കയ്യേറ്റങ്ങൾ തടയാനും നദികളും കായലുകളും നിലനിർത്താനും മണൽമാഫിയയുടെ തേർവാഴ്ച അവസാനിപ്പിക്കാനും കർശന നടപടികൾ സ്വീകരിക്കണം. ആറ്റുമണലിന്റെ ഉപയോഗം പൂർണ്ണമായും നിർത്തലാക്കണം. മാലിന്യക്കൂമ്പാരമായി മാറിക്കൊണ്ടിരിക്കുന്ന വേമ്പനാട്ടു കായലിനേയും കുമരകം ടൂറിസ്റ്റ് കേന്ദ്രത്തേയും കണ്ടൽക്കാടുകളേയും തണ്ണീർത്തടങ്ങളേയും സംരക്ഷിക്കണം. സംസ്ഥാനത്ത് ലാന്റ് യൂട്ടിലൈസേഷൻ ആക്ട് നടപ്പിലാക്കുന്നതിനുള്ള നിയമനിർമ്മാണം കൊണ്ടുവരണം.. ഓരോ കാര്യങ്ങൾക്കും പ്രയോറിറ്റി നിശ്ചയിക്കണം. അഡ്ഹോക്ക് പരിപാടികൾ നിർത്തലാക്കണം.

<u>ശ്രീ. എ.എ. അസീസ്</u>: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ഗവൺമെന്റിന്റെ സുപ്രധാനമായ, അഭിമാനിക്കാൻ കഴിയുന്ന രണ്ടു നേട്ടങ്ങളാണ് സ്മാർട്ട് സിറ്റി കരാർ ഒപ്പിട്ടതും മൂന്നാർ ഉൾപ്പെടെയുള്ള അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ചതും. സർക്കാർ ഓഫീസുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനും അടഞ്ഞുകിടന്ന വ്യവസായ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാനും പൊതുമേഖലാ സ്ഥാപനങ്ങളെ

ലാഭകരമാക്കാനും കയർ, കൈത്തറി തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളെ പുനരുദ്ധരിക്കാനും സ്വീകരിച്ച നടപടികൾ സ്വാഗതാർഹമാണ്. സാധാരണ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്താനും നിത്യോപയോഗസാധനങ്ങളുടെ വിലനിലവാരം നിയന്ത്രിച്ചു നിർത്താനും ഗവൺമെന്റിനു കഴിഞ്ഞു. ആരോഗ്യമേഖലയിൽ ആയിരം കോടി രൂപ അധികമായി ചെലവു ചെയ്ത് ചിക്കുൻഗുനിയ തുടങ്ങിയ പകർച്ചവ്യാധികൾ തടയുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചു.

ശ്രീ. പി.സി. ജോർജ്: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. മൂന്നാറിൽ അനധികൃതമായി കയ്യേറിയ ഭൂമി തിരിച്ചുപിടിച്ച ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നു. ഗവൺമെന്റിന്റെ ഒഴിപ്പിക്കൽ നടപടി ഇനിയും തുടരണം. രവീന്ദ്രൻ പട്ടയം ഒരു കാരണവശാലും അംഗീകരിക്കാൻ പാടില്ല. കോവളം ടാജ് ഗ്രൂപ്പിൽ അനധികൃത കയ്യേറ്റമുണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കണം.

ശ്രീ. എ.സി. മൊയ്തീൻ: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. മറ്റു രാഷ്ട്രീയപ്പാർട്ടികളിൽനിന്നും വ്യത്യസ്തമായി പൊതുസമ്പത്തും ജനങ്ങളുടെ താല്പര്യവും സംരക്ഷിക്കുന്നതിന് ഉതകുന്ന നയങ്ങളാണ് ഈ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. നാമാവശേഷമായിക്കൊണ്ടിരുന്ന പൊതുമേഖലാസ്ഥാപനങ്ങളെ മെച്ചപ്പെടുത്താനും പൊതുവിദ്യാഭ്യാസ മേഖലയുടെ നിലവാരം മെച്ചപ്പെടുത്താനും ഗവൺമെന്റിനു കഴിഞ്ഞിട്ടുണ്ട്. പൊതുജനാരോഗ്യ മേഖലയെ സംരക്ഷിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചു. കാർഷികമേഖലയിൽ കൃഷിക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനും പരമ്പരാഗത വ്യവസായ മേഖലയ്ക്ക് പുത്തൻ

ഉണർവ്വുണ്ടാക്കാനും ആവശ്യമായ നടപടികൾ സ്വീകരിച്ചു..സ്മാർട്ട് സിറ്റി കരാറിന്റെ ഭാഗമായി ഐ.ടി മേഖലയിൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. പൊതുജനാരോഗ്യ മേഖലയിൽ ഈ ഗവൺമെന്റ് ഒന്നും ചെയ്തിട്ടില്ലെന്നുള്ള വാദം അടിസ്ഥാനരഹിതമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരോഗ്യ മേഖലയിൽ സ്വീകരിച്ച തെറ്റായ സമീപനങ്ങളുടെയും കീഴ്‌വഴക്കങ്ങളുടെയും ഫലമായിട്ടാണ് പകർച്ചപ്പനി പോലുള്ള മാരക രോഗങ്ങൾ വരാനിടയായത്. അത് തടയുന്നതിന് ഈ ഗവൺമെന്റ് ശ്രമം നടത്തിയിട്ടുണ്ട്. സഹകരണ പ്രസ്ഥാനങ്ങളെ പ്രയോജനപ്പെടുത്തി സഹകരണ വിപണന കേരളീയം വഴി വിലക്കയറ്റം തടയാനും പൊതുവിതരണ രംഗം ശക്തിപ്പെടുത്താനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് വെട്ടിക്കുറച്ച റേഷൻ സാധനങ്ങൾ പുന:സ്ഥാപിക്കാനും അർഹരായിട്ടുള്ളവരെയെല്ലാം ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്താനുമുള്ള നടപടി സ്വീകരിക്കണം. കേരളത്തിന്റെ സമഗ്ര പുരോഗതിക്ക് അടിത്തറയിട്ട ഗവൺമെന്റാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്.

<u>ശ്രീ. കെ. കെ. ഷാജു</u>: ധനാഭ്യർത്ഥനയെ എതിർക്കുന്നു. സമസ്ത മേഖലകളിലും പരാജയപ്പെട്ട ഒരു ഗവൺമെന്റാണിത്. കാർഷിക മേഖലയാകെ തകർന്നു. കർഷിക കടാശ്വാസ കമ്മീഷൻ കൊണ്ട് കർഷകർക്ക് ഒരു ഗുണവും ഉണ്ടാക്കാൻ സാധിച്ചില്ല. നെല്ല് സംഭരണവും ഉൽപ്പാദന മേഖലയും തകർന്നു. ആരോഗ്യ മേഖല ആകെ തകർന്നു. മൂന്നാറിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കലാണ് വേണ്ടത് അല്ലാതെ നശിപ്പിക്കലല്ല. കയ്യേറ്റങ്ങൾ ഒഴിപ്പിക്കുമ്പോൾ അവിടെ താമസിക്കുന്ന പാവപ്പെട്ട ആളുകളെ പുനരധിവസിപ്പിക്കാനുള്ള നടപടികൂടി സ്വീകരിക്കണം.

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. വീക്ഷണ വ്യത്യാസത്തോടുകൂടി വിവിധ വകുപ്പുകളെ യോജിപ്പിച്ചുകൊണ്ടുള്ള വികസനമാണ് എൽ.ഡി.എഫ് ഗവൺമെന്റ് നടത്തുന്നത്. . കഴിഞ്ഞ ഒരു വർഷത്തിനിടയിൽ കാർഷിക, ആരോഗ്യ, ഐ.ടി മേഖലകളിൽ വലിയ മാറ്റങ്ങളുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. യു.ഡി.എഫ് ഗവൺമെന്റ് സേവന മേഖലയിൽ ശംപളം, പെൻഷൻ എന്നിവ വെട്ടിക്കുറച്ച് ജനസേവന മേഖലകളെ നിരുത്സാഹപ്പെടുത്തി. എന്നാൽ ഈ ഗവൺമെന്റ് പെൻഷൻ കുടിശ്ശിക തീർത്തുകൊടുത്തു. കോൺട്രാക്ടർമാർക്ക് കൊടുക്കാനുണ്ടായിരുന്ന കുടിശ്ശിക കൊടുത്തുതീർത്തുകൊണ്ടാണ് സാമ്പത്തിക അച്ചടക്കമുണ്ടാക്കാൻ ശ്രമിച്ചത്. നികുതി വരുമാനം വർദ്ധിപ്പിച്ചു. യു.ഡി.എഫ്. ഗവൺമെന്റ് ഭരിച്ചപ്പോൾ കേരളത്തിന്റെ റവന്യൂ കമ്മി കുറയ്ക്കാൻ കഴിയുമെന്ന പ്രതീക്ഷയുണ്ടായിരുന്നില്ല. കാർഷിക പാക്കേജിൽ ഉണ്ടായ പ്രതിസന്ധി തരണം ചെയ്യാൻ ഈ ഗവൺമെന്റ് മാതൃകാപരമായ സമീപനമാണ് കാഴ്ച വച്ചത്. ഈ സർക്കാർ ഒരു വർഷത്തിനുള്ളിൽ പ്രധാനപ്പെട്ട 5 നിയമങ്ങൾ പാസ്സാക്കിയത് ശ്ലാഘനീയമാണ്. കർഷക കടാശ്വാസ കമ്മീഷൻ രൂപീകരിച്ചു. ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് 50,000/- രൂപ വീതം ധനസഹായം എത്തിച്ചു. കർഷകരിൽ നിന്നു ലഭിച്ച ആയിരക്കണക്കിന് അപേക്ഷകളുടെ പരിഗണന നടക്കാനിരിക്കുന്നതേയുള്ളൂ. കേന്ദ്ര സംസ്ഥാന ബന്ധങ്ങളിൽ അഴിച്ചുപണി ഉണ്ടാകാത്തിടത്തോളം കാർഷിക പ്രതിസന്ധി പരിഹരിക്കുകയില്ല. കേന്ദ്ര ഗവൺമെന്റിന്റെ ഇപ്പോഴുള്ള നയം മാറ്റി കാർഷിക മേഖലയിൽ കൂടുതൽ ഇടപെടുന്നതിന്

സംസ്ഥാന ഗവൺമെന്റുകളെ പര്യാപ്തമാക്കിയാൽ മാത്രമേ കാർഷിക പ്രതിസന്ധിക്ക് ഒരളവുവരെ പരിഹാരം ഉണ്ടാക്കാൻ സാധിക്കുകയുള്ളൂ. സംസ്ഥാന സർക്കാർ നെല്ലിന് താങ്ങുവില നിശ്ചയിച്ചതിന്റെ ഫലമായി നെല്ല് ഉല്പാദനം 30 ശതമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞു. കേന്ദ്ര ഗാട്ട് നയം തിരുത്തിയാൽ മാത്രമേ നാണ്യവിളകളുടെ വിലയിൽ കാര്യമായ മാറ്റം ഉണ്ടാകുകയുള്ളൂ. പൊതുവിതരണ സമ്പ്രദായത്തെ തകർക്കാൻ കേന്ദ്രം ശ്രമിച്ചെങ്കിലും ഈ ഗവൺമെന്റിന്റെ ശക്തമായ ഇടപെടലുകൾ മൂലം ഒരു പരിധിവരെ പിടിച്ചുനിൽക്കാൻ സാധിച്ചിട്ടുണ്ട്. ഈ സർക്കാർ സപ്ലൈകോ യുടെ വിറ്റുവരവ് 1011 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. സ്വകാര്യ മേഖലയിൽ എന്തും അംഗീകരിക്കുന്ന നിലപാട് ഈ ഗവൺമെന്റിനില്ല. ടീകോം കമ്പനിയുമായി ഈ ഗവൺമെന്റ് കരാറുണ്ടാക്കി. മണൽ മാഫിയയെ തകർത്തു.

<u>ശ്രീ. പി. കൃഷ്ണപ്രസാദ്:</u> ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ഈ സർക്കാരിന്റെ ഒരു വർഷത്തെ പ്രവർത്തനം വിലയിരുത്തിയാൽ ആത്മവിശ്വാസം പകർന്നുകൊടുക്കാൻ കഴിയുന്ന ഉദ്ദേശശുദ്ധിയോടുകൂടിയ ഇടപെടലുകൾ എല്ലാ വകുപ്പുകളിലും നടത്തിയിട്ടുള്ളതായി കാണാൻ കഴിയും. ഗവൺമെന്റിന്റെ നടപടികളിൽ ജനപിന്തുണ കൂടിയിട്ടുണ്ട്. മന്ത്രിമാർ കൂട്ടുത്തരവാദിത്വത്തോടെ വളരെ വിജിലന്റായി പ്രവർത്തിക്കുന്നു. ആത്മഹത്യ ചെയ്ത കർഷകരുടെ മുഴുവൻ കുടുംബങ്ങൾക്കും ധനസ ഹായമായി അര ലക്ഷം രൂപ വീതം വിതരണം ചെയ്തിട്ടുണ്ട്. ആത്മഹത്യ ചെയ്ത കർഷകരുടെ കടങ്ങൾ എഴുതിത്തള്ളി. നെല്ലിന് താങ്ങുവില 8.50 രൂപയായി നിശ്ചയിച്ചതുമൂലം കർഷകരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കാൻ

കഴിഞ്ഞു. കർഷക കടാശ്വാസ കമ്മീഷന് 162 കോടി രൂപയുടെ അലോക്കേഷൻ ഉണ്ട്. പതിനായിരക്കണക്കിന് അപേക്ഷകൾ കർഷക കടാശ്വാസ കമ്മീഷന് ലഭിക്കുന്നു. സംസ്ഥാനത്താകെ ജപ്തി നടപടികൾ നിർത്തിവയ്ക്കാനുള്ള സ്റ്റേ ഓർഡർ കൊടുത്തിട്ടുണ്ട്. സ്മാർട്ട് സിറ്റി കരാർ ഈ ഗവൺമെന്റ് ഒപ്പുവച്ചത് നല്ല കാര്യമാണ്. വല്ലാർപാടം കണ്ടെയിനർ ടെർമിനലിന്റെ നിർമ്മാണ പ്രവൃത്തി ഉദ്ഘാടനം ചെയ്യുന്ന കാര്യത്തിലും വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ കാര്യത്തിലും ബഹുദൂരം മുന്നോട്ട് പോകാൻ കഴിഞ്ഞു. കൊച്ചി മെട്രോ റെയിൽ പദ്ധതിയ്ക്ക് തുടക്കമായി. നഷ്ടത്തിലായിരുന്ന 22 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കിക്കൊണ്ട് 92 കോടി രൂപയുടെ അറ്റാദായം ഉണ്ടാക്കാൻ കഴിഞ്ഞു. കോഴിക്കോട്ട് മെഡിക്കൽ സിറ്റി ആരംഭിക്കാനും മാവൂരിൽ വിജ്ഞാനാധിഷ്ഠിത വിദ്യാഭ്യാസം ആരംഭിക്കാനും ബിർലയുടെ സഹായത്തോടുകൂടി പദ്ധതി നടപ്പാക്കി. കൊച്ചിയിൽ 5000 കോടി രൂപ മുതൽ മുടക്കി ഹൈടെക് സിറ്റി ആരംഭിക്കാനും രണ്ട് ഇലക്ട്രോണിക് ഹബ്ബുകൾ സ്ഥാപിക്കാനും സാധിച്ചു. അടിസ്ഥാന സൗകര്യ വികസനത്തിന് സർക്കാരിന്റെ നേതൃത്വത്തിൽ ഒരു കമ്പനി രൂപീകരിച്ചു. 12 കോടി രൂപ മലബാർ സ്പിന്നിംഗ് മില്ലിന് കൊടുത്തു. ഇടുക്കിയിൽ സ്പൈസസ് പാർക്ക്, വയനാട്ടിൽ ഫുഡ് പാർക്ക്, റാന്നിയിൽ റബ്ബർ പാർക്ക് എന്നിവ സ്ഥാപിച്ചു. കർഷകത്തൊഴിലാളികളുടേയും കശുവണ്ടി, കൈത്തറിത്തൊഴിലാളികളുടേയും ഒരു വർഷത്തെ പെൻഷൻ കുടിശ്ശിക കൊടുക്കാൻ വേണ്ടി മാത്രം 49.57 കോടി രൂപ ചെലവഴിച്ചു. പി.എസ്.സി. മുഖേന 30000 ഒഴിവുകൾ

റിപ്പോർട്ട് ചെയ്തതിൽ 19000 പേർക്ക് അഡ്വൈസ് മെമ്മോ കൊടുത്തു. എംപ്ലോയ്മെന്റ് എക്സചേഞ്ച് മുഖേന 7300 പേർക്ക് തൊഴിൽ നൽകി. എസ്.എസ്.എൽ.സി. പരീക്ഷയിൽ മോഡറേഷനില്ലാതെ 82 ശതമാനം കുട്ടികൾ പാസ്സായി. ഉന്നത വിദ്യാഭ്യാസ മേഖലയിൽ ചിട്ടയായ ഇടപെടലുകൾ നടത്തിയതിന്റെ ഫലമായി സ്വകാര്യ വിദ്യാഭ്യാസ മേഖലയുടെ വാണിജ്യവൽക്കരണത്തെ തടയാൻവേണ്ടിയുള്ള നയത്തിന്റെ പൊതു അന്തസത്തയെ കേരളത്തിലെ ജനങ്ങൾ അംഗികരിച്ചുകഴിഞ്ഞു. അനധികൃത കയ്യേറ്റങ്ങൾക്കെതിരെ എടുത്ത നടപടി ഗവൺമെന്റിന്റെ പ്രതിഛായ വർദ്ധിപ്പിക്കുന്നതാണ്. തെറ്റായ നടപടിയിലൂടെ ആരെങ്കിലും പൊതു സ്വത്ത് കയ്യേറിയിട്ടുണ്ടെങ്കിൽ എത്ര കാലം കഴിഞ്ഞായാലും അത് തിരിച്ച് പിടിക്കും.

<u>ശ്രീ. സി.പി. മുഹമ്മദ്</u>: ധനാഭ്യർത്ഥനയെ എതിർക്കുന്നു. ഈ ഗവൺമെന്റിന് കൂട്ടുത്തരവാദിത്തമില്ല; മന്ത്രിമാർക്ക് മുഖ്യമന്ത്രിയിലും വിശ്വാസമില്ല. മൂന്നാറിൽ സി.പി.ഐ.യുടേയും സി.പി.ഐ.(എം) ന്റെയും റിസോർട്ടുകൾ പൊളിച്ചു നീക്കുമെന്ന് പ്രഖ്യാപിക്കണം. ആരാധനാലയങ്ങളും പാർട്ടി ഓഫീസുകളും പൊളിക്കരുതെന്ന് ഇറക്കിയ സർക്കാർ ഉത്തരവ് പിൻവലിച്ചിരിക്കുകയാണ്. മൂന്നാർ കയ്യേറ്റ ഭൂമി തിരിച്ചു പിടിക്കുന്ന കാര്യത്തിൽ കൂടുതൽ ശുഷ്ക്കാന്തി കാണിക്കണം. സ്മാർട്ട് സിറ്റി കരാർ ഒപ്പിടാൻ ഹൈക്കോടതി അനുവാദം നൽകിയെങ്കിലും ഇലക്ഷൻ പ്രഖ്യാപിച്ചതുകൊണ്ടാണ് യു.ഡി.എഫ്. സർക്കാർ അതിൽ നിന്നും പിന്തിരിഞ്ഞത്. ദുബായ് ഇന്റർനെറ്റ് സിറ്റിയുമായുള്ള കരാറിൽ ഉൾപ്പെടുത്തിയിരുന്നതിനേക്കാൾ കൂടുതൽ ആനുകൂല്യങ്ങളാണ് എൽ.ഡി.എഫ്. സർക്കാർ ഒപ്പിട്ട സ്മാർട്ട് സിറ്റി കരാറിൽ അനുവദിച്ചിട്ടുള്ളത്.

ഈ കരാറിനെക്കുറിച്ച് ഒരു സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷണം നടത്തണം. ഭൂമി 99 വർഷത്തെ പാട്ടത്തിന് കൊടുത്തത് വിൽപ്പനയ്ക്കു തുല്യമാണ്. സംസ്ഥാനത്ത് കൊതുകു നിവാരണം ശക്തിപ്പെടുത്തണം.

ശ്രീ. പി. ജയരാജൻ: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. കേരളത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കും തിരുവമ്പാടിയിലേയ്ക്കും നടന്ന ഉപതെരഞ്ഞെടുപ്പുഫലങ്ങൾ വെളിവാക്കുന്നത് കഴിഞ്ഞ ഒരു വർഷത്തെ എൽ.ഡി.എഫ്. ഭരണനേട്ടമാണ്. കഴിഞ്ഞ ഒരു വർഷംകൊണ്ട് സാമ്പത്തിക-സാമൂഹിക രംഗങ്ങളിൽ ഗുണപരമായ മാറ്റത്തിന് തുടക്കം കുറിക്കാൻ ഈ ഗവൺമെന്റിനു സാധിച്ചു. പൊതുമരാമത്തുവകുപ്പ് അഴിമതിരഹിതമാക്കുന്നതിനുള്ള നടപടികൾ സർക്കാർ ഇതിനോടകംതന്നെ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. നികുതി പിരിവ് കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകാനുള്ള ശ്രമങ്ങളാണ് ധനകാര്യവകുപ്പ് തുടർന്നുപോരുന്നത്. കാർഷിക മേഖലയിലെ ഗുരുതരമായ പ്രതിസന്ധിക്ക് വിരാമമിടാനായി കർഷക കടാശ്വാസ കമ്മിഷൻ കൊണ്ടുവന്നു. അപേക്ഷകൊടുത്തിരിക്കുന്ന ഒരു ലക്ഷത്തോളം കർഷകർക്ക് ആശ്വാസകരമായ രീതിയിൽ പ്രസ്തുത കമ്മിഷൻ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. അനധികൃതമായ ഭൂമി കയ്യേറ്റം ഒഴിപ്പിക്കാൻ സർക്കാർ ശക്തമായ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. എൽ.ഡി.എഫ്. വികസന വിരുദ്ധരെന്നു വരുത്തി തീർക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി യു.ഡി.എഫ്. സർക്കാർ സ്മാർട്ട് സിറ്റി കരാർ ഒപ്പിടാതെ ഒഴിഞ്ഞുമാറി. എൽ.ഡി.എഫ്. സർക്കാർ ഒപ്പിട്ട സ്മാർട്ട് സിറ്റി കരാർ ഐ.റ്റി. മേഖലയെ സംബന്ധിച്ച് ഏതുരീതിയിലും മികച്ചതാണ്. അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിൽ

കഴിഞ്ഞ ഗവൺമെന്റ് ആത്മാർത്ഥതയില്ലാത്ത സമീപനമാണ് സ്വീകരിച്ചിരുന്നത്. എന്നാൽ ജനപിന്തുണയോടെ അനധികൃത ഭൂമി കയ്യേറ്റം ഒഴിപ്പിക്കുകയാണ് ഈ സർക്കാർ ചെയ്യുന്നത്. സമൂഹത്തിൽ നിലനിൽക്കുന്ന അയിത്താചാരങ്ങളെ അനുകൂലിക്കുന്ന നിലപാടാണ് യു.ഡി.എഫ്. സ്വീകരിച്ചിട്ടുള്ളത്.

<u>പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി):</u> ധനാഭ്യർത്ഥനയെ എതിർക്കുന്നു. കൂട്ടുത്തരവാദിത്വവും ലക്ഷ്യബോധവുമില്ലാത്ത ഒരു സർക്കാരാണ് കേരളം ഭരിക്കുന്നത്. സംസ്ഥാനത്തൊട്ടാകെ പനി മരണങ്ങൾ പെരുകുന്ന ഗുരുതരമായ സ്ഥിതിവിശേഷം ഉണ്ടായിട്ടും അത് ചർച്ച ചെയ്യാൻ സന്നദ്ധത കാണിക്കാത്ത സർക്കാരിന് ജനാധിപത്യബോധം ഇല്ലാതായിരിക്കുന്നു. ഈ വിഷയത്തിൻമേലുള്ള പ്രാധാന്യം കണക്കിലെടുക്കാതെ ചർച്ച അടുത്ത ആഴ്ചയിലേയ്ക്കു മാറ്റി വച്ചിരിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നയുടൻ സിവിൽ സപ്ളൈസ് കോർപ്പറേഷൻ വഴി വിൽക്കുന്ന സാധനങ്ങളുടെ വില വർദ്ധിപ്പിച്ചു. അതുമൂലം പൊതു കമ്പോളത്തിലെ വില കുത്തനെ ഉയർന്നു. വിലക്കയറ്റം മൂലം പൊതുജനങ്ങൾ ദുരിതമനുഭവിക്കുകയാണ്. സംസ്ഥാനത്തെ ക്രമസമാധാനരംഗം തകർന്നിരിക്കുകയാണ്. ഗുണ്ടകളെ അമർച്ച ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കണം. കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണം. വിദ്യാഭ്യാസ രംഗത്ത് സാമൂഹ്യ പ്രതിബദ്ധതയുണ്ടാകണം. യാഥാർത്ഥ്യങ്ങൾ കണ്ടറിഞ്ഞും ആരോഗ്യ-വിദ്യാഭ്യാസ രംഗത്തെ വീഴ്ചകൾ തിരിച്ചറിഞ്ഞും പ്രവർത്തിക്കണം. യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് നിയമനനിരോധനമെന്ന് പറഞ്ഞ് സമരം ചെയ്ത ചെറുപ്പക്കാരെ ഈ

ഗവൺമെന്റ് വഞ്ചിച്ചു. കഴിഞ്ഞ ഗവൺമെന്റ് സ്വീകരിച്ച നടപടികളുടെ ഫലമായി നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2006 ഫെബ്രുവരി മുതൽ സംവരണം കിട്ടുന്ന സമുദായങ്ങൾക്ക് ഭാവിയിൽ നഷ്ടം വരാത്ത വിധത്തിൽ സാമൂഹ്യ നീതി നടപ്പിലാക്കി കെ.എസ്.എസ്.ആർ-ൽ മാറ്റം വരുത്തുകയും പി.എസ്.സി. അതനുസരിച്ച് ഡയറക്ട് റിക്രൂട്ട്മെന്റ് തുടങ്ങിയിരിക്കുകയുമാണ്. ആശ്രയ പദ്ധതി മുഴുവൻ പഞ്ചായത്തുകളിലും നടപ്പിലാക്കണം. ആരോഗ്യ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതിക്ക് ബദൽ സ്കീം കൊണ്ടുവരുമെന്നുള്ള പ്രഖ്യാപനം പ്രാവർത്തികമാക്കണം. കേന്ദ്ര ഗവൺമെന്റ് പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കണം. തൊഴിലുറപ്പ് പദ്ധതിയും എൻ.ആർ.എച്ച്.എം. പദ്ധതിയും നടപ്പിലാക്കുന്നതിൽ കേരളം വളരെ പിന്നിലാണ്. സംസ്ഥാന ഗവൺമെന്റ് ഇനിയെങ്കിലും ഉണർന്ന് പ്രവർത്തിക്കണം. കാർഷിക പാക്കേജ് പ്രകാരം അനുവദിച്ച തുക പൂർണ്ണമായി ചെലവാക്കണം. ഗവൺമെന്റിന്റെ പിടിപ്പുകേടുമൂലം രാജീവ് ഗാന്ധി ബയോ ടെക്നോളജി ഇൻസ്റ്റിറ്റ്യൂഷന് അനുവദിച്ച 40 കോടി രൂപ നഷ്ടമാക്കി. ഗവണ്മെന്റ് ചെയ്യേണ്ട കാര്യങ്ങൾ സമയബന്ധിതമായി ചെയ്തു തീർക്കണം. ഒഴിപ്പിക്കൽ നടപടിയിൽ രണ്ടുതരം സമീപനം സ്വകരിക്കുന്നത് ശരിയല്ല. അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനുള്ള ഗവൺമെന്റ് നടപടികൾക്ക് പ്രതിപക്ഷത്തിന്റെ എല്ലാവിധ പിന്തുണയുമുണ്ടാകും. ഈ ഗവൺമെന്റ് ഇൻഫോ പാർക്കിന് വിലയ്ക്ക് നൽകിയ ഭൂമിയെ സംബന്ധിച്ച വിശദാംശം വ്യക്തമാക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): കഴിഞ്ഞ കാലങ്ങളിൽ

നിർജ്ജീവവും നിശ്ചലവുമായിരുന്നതും നിയമവാഴ്ചയിൽ നിർണ്ണായകമായ നേതൃത്വം നൽകേണ്ടതുമായ നിയമവകുപ്പിനെ ഒരു പ്രൊ-ആക്ടീവ് വകുപ്പാക്കുക എന്ന ഗവണ്മെന്റിന്റെ ലക്ഷ്യം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. നിയമസംഹിതകളും നീതിനിർവ്വഹണവും കാലോചിതമായി പരിഷ്ക്കരിക്കുക എന്ന ഗവണ്മെന്റിന്റെ ലക്ഷ്യത്തിന് തുടക്കം കുറിക്കേണ്ടത് നിയമവകുപ്പിൽ നിന്നാണ്. നിയമവകുപ്പിനെ ആധുനികവൽക്കരിക്കുക എന്നുള്ള ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഗവണ്മെന്റ് സെക്രട്ടേറിയറ്റിൽ ആദ്യത്തെ കമ്പ്യൂട്ടറൈസ്ഡ് വകുപ്പായി നിയമവകുപ്പ് മാറിയതോടെ ഇതൊരു പേപ്പർലസ് വകുപ്പായിക്കഴിഞ്ഞിരിക്കുന്നു. നിയമോപദേശത്തിനും കരട് നിയമങ്ങൾ തയ്യാറാക്കുന്നതിനും കമ്പ്യൂട്ടറൈസ്ഡ് മോഡ്യൂളുകൾ ഉപയോഗിക്കുന്നതുവഴി വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട് 1966-ൽ കേരളത്തിൽ ആദ്യമായി ഉണ്ടായ ലാ കമ്മിഷൻ രണ്ടുവർഷക്കാലമാണ് നിലനിന്നത്. തുടർന്ന് 1996-ൽ അധികാരത്തിൽ വന്ന ഗവണ്മെന്റ് 2000-ൽ സമർപ്പിച്ച അഡ്മിനിസ്ട്രേറ്റീവ് റീഫോംസ് കമ്മിറ്റിയുടെ റിപ്പോർട്ടിലാണ് സംസ്ഥാനത്ത് ഒരു ലാ കമ്മിഷൻ നിയമിക്കണമെന്ന് ശുപാർശ ചെയ്യുകയും തുടർന്നു വന്ന യു.ഡി.എഫ്. ഗവണ്മെന്റ് ലാ കമ്മിഷനു പകരം ലാ റീഫോംസ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തത്. ആഗോളവൽക്കരണത്തിനും ഉദാരവൽക്കരണത്തിനും അനുകൂലമായി നിയമങ്ങൾ പൊളിച്ചെഴുതുക എന്നതായിരുന്നു ഉദ്യോഗസ്ഥന്മാർ മാത്രമടങ്ങുന്ന ആ കമ്മിറ്റിയുടെ ലക്ഷ്യം. ആ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചതല്ലാതെ മറ്റൊന്നും നടക്കാത്ത സാഹചര്യത്തിലാണ് ഒരു പുതിയ നിയമപരിഷ്ക്കരണ കമ്മിഷൻ രൂപീകരിക്കാൻ ഈ ഗവണ്മെന്റ്

തീരുമാനിച്ചത്. കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കുക, സംയോജിപ്പിക്കേണ്ടതും പരിഷ്ക്കരിക്കേണ്ടതുമായവ പരിഷ്ക്കരിക്കുക, പുതിയ മേഖലകൾ കണ്ടെത്തി നിയമനിർമ്മാണം നടത്തുക എന്നീ പ്രവർത്തനങ്ങൾ ഒരു വർഷക്കാലംകൊണ്ട് പൂർത്തിയാക്കും. ജില്ലാ കോടതികൾ മുതൽ സുപ്രീം കോടതിവരെയുള്ള സർക്കാർ കേസുകൾ മോണിറ്റർ ചെയ്യാൻ ഒരു ഓൺ ലൈൻ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തി പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു. പാവപ്പെട്ട ആളുകൾക്ക് നീതി ലഭ്യമാക്കുന്നതിന് രൂപീകരിച്ച ലീഗൽ സർവ്വീസ് അതോറിറ്റി കേരളത്തിൽ കാര്യക്ഷമമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കേരളത്തിലാദ്യമായി ഒരു പെർമനന്റ് ലോക് അദാലത്ത് തിരുവനന്തപുരത്ത് സ്ഥാപിക്കുകയും അതിന്റെ തുടർച്ചയായി രണ്ട് പെർമനന്റ് ലോക് അദാലത്തുകൾ കോഴിക്കോട്ടും എറണാകുളത്തും സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്യും. സംസ്ഥാനത്തെ ജനങ്ങളുടേയും ഗവണ്മെന്റിന്റേയും ബൗദ്ധിക സ്വത്തവകാശം സംരക്ഷിക്കുന്നതിന് ബൗദ്ധിക സ്വത്തവകാശ നയം പ്രഖ്യാപിക്കുന്ന ആദ്യ സംസ്ഥാനമായി കേരളം മാറാൻ പോകുന്നു. കേരളത്തിൽ വിവാദമായിരുന്ന മനുഷ്യാവകാശ കമ്മിഷൻ പുനഃസ്ഥാപിച്ച് അതിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഹൈക്കോടതി ചീഫ് ജസ്റ്റീസുമായി ആലോചിച്ച് ജില്ലകളിലെ ഒരു കോടതി മനുഷ്യാവകാശ കേസുകൾ കൂടി കൈകാര്യം ചെയ്യുന്ന കോടതിയായി (ഹ്യൂമൻ റൈറ്റ്സ് ഡെസിഗ്നേറ്റ് കോടതി) ഡെസിഗ്നേറ്റ് ചെയ്യാൻ തീരുമാനമെടുത്തിട്ടുണ്ട്. കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഹ്യൂമൻ റൈറ്റ്സ് മോണിറ്ററിംഗ് സെല്ലുകൾ രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പാർലമെന്ററി ജനാധിപത്യത്തിന്റെ ആരോഗ്യകരമായ വളർച്ചയ്ക്കുള്ള ഈ വകുപ്പിന്റെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം പാർല

മെന്ററി വിഷയങ്ങളിലും ഭരണപരമായ കാര്യങ്ങളിലും പഠനം, പരിശീലനം, പ്രസിദ്ധീകരണം, ഗവേഷണം എന്നിവ ലക്ഷ്യമാക്കിക്കൊണ്ട് ഫലപ്രദമായി മാറ്റിയെടുക്കാൻ ആലോചിച്ചുകൊണ്ടിരിക്കുന്നു. കേരള സർവ്വകലാശാല യിൽ പാർലമെന്ററി കാര്യത്തിന് ഒരു ചെയർ സ്ഥാപിച്ചതുപോലെ കേരളത്തി ലേയും ഇന്ത്യയിലേയും മറ്റ് സർവ്വകലാശാലകളിലും സ്ഥാപിച്ചുകൊണ്ട് ഒരു സമ്പൂർണ്ണ ഗവേഷണ കേന്ദ്രമാക്കി പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിനെ മാറ്റു ന്നതിന് കേന്ദ്ര പാർലമെന്ററികാര്യ വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ പാർലമെന്ററികാര്യവകുപ്പ് ആരംഭിച്ചിട്ടുണ്ട്. ജനപ്രതിനിധികൾക്കുള്ള പരിശീ ലനം, സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് സ്റ്റുഡന്റ് പാർലമെന്റ് എന്നീ പരിപാടികൾക്ക് രൂപം നൽകിയിട്ടുണ്ട്. ലോകത്താകെയുള്ള പാർലമെന്റ് സിസ്റ്റത്തെക്കുറിച്ച് പഠിക്കുന്നതിനാവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഇ.പാർലമെന്റ് നോളജ് ബാങ്ക് സ്ഥാപിക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു. കേരള നിയമസഭയുടെ ചരിത്രത്തെ സംബന്ധിക്കുന്ന ആധികാരിക ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

## വാക്കൗട്ടുമായി ബന്ധപ്പെട്ട് പ്രതിപക്ഷനേതാവ് നടത്തിയ പരാമർശത്തിനുള്ള മറുപടി

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): പ്രതിപക്ഷനേതാവ് ഇന്ന് രാവിലെ വ്യാജപട്ടയം കൊടുത്തതിന്റെ പേരിൽ യു.ഡി.എഫ്. ഗവണ്മെന്റ് സസ്പെന്റ് ചെയ്ത സി.വി. വിജയൻ എന്ന വില്ലേജ് ഓഫീസറെ ഈ ഗവണ്മെന്റ് തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ചുവെന്ന് പറഞ്ഞു. അതു സംബന്ധിച്ചുള്ള രേഖകൾ പരിശോധിച്ചപ്പോൾ. 10.8.2005-ൽ യു.ഡി.എഫ്. ഗവണ്മെന്റ് സസ്പെന്റ് ചെയ്ത വില്ലേജാഫീസറെ 26.12.2005-ന് തിരികെ

സർവ്വീസിലെടുക്കുകയും. 7.5.2007-ൽ 27 ഉദ്യോഗസ്ഥന്മാരെ കള്ളപ്പട്ടയം കൊടുത്തതിന്റെ പേരിൽ ഈ ഗവണ്മെന്റ് സസ്പെന്റ് ചെയ്തകൂട്ടത്തിൽ പ്രസ്തുത വില്ലേജ് ഓഫീസറും ഉൾപ്പെട്ടിട്ടുണ്ടെന്നുമാണ് മനസ്സിലാക്കാൻ കഴിഞ്ഞത്.

## ധനകാര്യം (തുടർച്ച)

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ഗവണ്മെന്റിന്റെ ചില പ്രധാനപ്പെട്ട നടപടികൾ പ്രതിപക്ഷത്തിനുപോലും അഭിനന്ദിക്കാൻ അവസരമുണ്ടാകത്തക്കവിധത്തിലുള്ളതാണ്. പ്രതിപക്ഷനേതാവ് സ്മാർട്ട് സിറ്റി കരാർ ഒപ്പിട്ടതിൽ പിൻതുണയ്ക്കുന്നുവെന്ന് പറഞ്ഞുവെങ്കിലും ടീക്കോമിന് കേരളത്തെ ചതിവോടുകൂടി പണയപ്പെടുത്തിയെന്ന് പറഞ്ഞത് വസ്തുതാപരമല്ല. കരാർ ഒപ്പിട്ടതുതന്നെ മറ്റേതോ കമ്പനിയുമായിട്ടാണെന്ന് ധരിപ്പിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. സംസ്ഥാനത്തിന്റെ പൊതുമേഖലാ സ്ഥാപനം എന്ന നിലയിൽ ഇൻഫോ പാർക്കിനെ നിലനിറുത്തണമെന്നും, കൊച്ചിയിലേയ്ക്ക് മറ്റൊരു ഐ.ടി. സ്ഥാപനവും വരാൻ സമ്മതിക്കുകയില്ലെന്നുമുള്ള ടീകോമിന്റെ നിർബന്ധത്തിനു വഴങ്ങരുതെന്നുമൊക്കെയുള്ള പ്രധാനപ്പെട്ട വിമർശനങ്ങൾ കരാർ ഒപ്പിടുന്നതിനു മുമ്പുതന്നെ പ്രതിപക്ഷത്തിന്റെ അഭിപ്രായമായി അന്ന് അറിയിച്ചിരുന്നു. എന്നാൽ ഈ ഗവണ്മെന്റ് ക്യാബിനറ്റ്കൂടി ഡ്രാഫ്ട് കരാർ അംഗീകരിച്ചിട്ട് നിർദ്ദേശങ്ങൾക്കായി പ്രതിപക്ഷനേതാവിന് അയച്ചുകൊടുത്തുവെങ്കിലും ഫൈനലായി കരാർ ഒപ്പിട്ടതിനുശേഷമാണ് പ്രതിപക്ഷനേതാവിന്റെ അഭിപ്രായം വന്നത്. തൊഴിലിനെ സംബന്ധിച്ച ഒരു ഗ്യാരന്റിയും കരാറിലില്ലെന്ന പ്രതിപക്ഷത്തിന്റെ അഭിപ്രായം ആ കരാർ പരിശോധിച്ചാൽ പറയാനൊക്കുക

യില്ല. കാരണം അതു സംബന്ധിച്ച് കരാറിൽ ഒപ്പിടുന്നതിനുമുമ്പുതന്നെ അവരുടെ വ്യക്തമായ ഉറപ്പ് വാങ്ങണമെന്ന അഭിപ്രായം ഗവണ്മെന്റിനു ണ്ടായിരുന്നു. ഇൻഫോ പാർക്ക് സംബന്ധിച്ച് കേരളത്തിലെ ജനങ്ങളെ പറ്റി ക്കത്തക്കവിധത്തിലുള്ള യാതൊരു വ്യവസ്ഥകളും ഗവണ്മെന്റ് അംഗീകരിച്ചി ട്ടില്ല സ്മാർട്ട് സിറ്റിയുടെ കാര്യത്തിലും അവരുടെ കബളിപ്പിക്കലിനൊന്നും ഗവണ്മെന്റ് വിധേയമായിട്ടില്ല. സർക്കാർ ഭൂമി കയ്യേറ്റം സംബന്ധിച്ച് യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് നിയോഗിച്ച അന്വേഷണ കമ്മീഷൻ റിപ്പോർട്ടുകളിന്മേൽ ഈ ഗവൺമെന്റാണ് നടപടി സ്വീകരിച്ചത്. മൂന്നാർ അനധികൃത ഭൂമി കയ്യേറ്റം ഒഴിപ്പിക്കലിൽ രണ്ടും മൂന്നും സെന്റുള്ള പാവപ്പെട്ടവരുടെ കെട്ടിടങ്ങളും, രാഷ്ട്രീയ പാർട്ടികളുടെ ഓഫീസുകളും രക്തസാക്ഷി മണ്ഡപങ്ങളും അമ്പലം, പള്ളി, മോസ്ക് തുടങ്ങിയവയെയും ഒഴിവാക്കണമെന്ന പ്രസ്താവനയിറക്കിയിരുന്നു. ഇത് സംബന്ധിച്ച് ചർച്ച ചെയ്ത് തീരുമാനമെടുക്കാമെന്നും തുടർ നടപടി സ്വീകരിക്കുമെന്നുമുള്ള നിലപാടാണുള്ളത്. ടാറ്റാ കമ്പനി കയ്യേറിയ ഗവൺമെന്റ് ഭൂമി രണ്ടാഴ്ചയ്ക്കകം ഗവൺമെന്റ് തിരിച്ചെടുക്കും. റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ഗവൺമെന്റിന് സമർപ്പിച്ച റിപ്പോർട്ടിന്മേലും നടപടി സ്വീകരിക്കും. കേന്ദ്ര ഇറക്കുമതി നയംമൂലം കർഷികോൽപ്പന്നങ്ങൾക്കുണ്ടായ വിലയിടിവിൽനിന്ന് കർഷകരെ രക്ഷിക്കുന്നതിന് ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. 2 ലക്ഷം രൂപവരെയുള്ള കടം എഴുതിത്തള്ളാനും ആത്മഹത്യ ചെയ്ത കർഷക കുടുംബങ്ങൾക്ക് അര ലക്ഷം രൂപയുടെ ധനസഹായം നൽകാനും ഒരു കൊല്ലത്തേയ്ക്ക് കാർഷിക വായ്പകൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കാനും ഒരു വർഷത്തെ കർഷകത്തൊഴിലാളി പെൻഷൻ ഒന്നിച്ചു

വിതരണം ചെയ്യാനും കടാശ്വാസ നിയമം കൊണ്ടുവന്ന് കർഷകരെ രക്ഷിക്കാൻ നടപടി സ്വീകരിക്കാനും കഴിഞ്ഞതിലൂടെ കാർഷികമേഖലയിലെ ആത്മഹത്യാ പ്രവണത ഒരുപരിധിവരെ കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് കർഷകരെ സംരക്ഷിക്കുന്നതിന് ഒരു കടാശ്വാസ നിയമം കൊണ്ടുവരുമെന്ന് പറഞ്ഞെങ്കിലും ഇതുവരെ അത് പ്രാവർത്തികമാക്കിയിട്ടില്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 111 പൊതുമേഖലാ സ്ഥാപനങ്ങളിൽ 12 എണ്ണമാണ് നല്ല നിലയിൽ പ്രവർത്തിച്ചിരുന്നതെങ്കിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം ഏതാണ്ട് 22-ഓളം വ്യാവസായ സ്ഥാപനങ്ങളെ ലാഭകരമാക്കാൻ സാധിച്ചിട്ടുണ്ട്. അടച്ചിട്ടിരിക്കുന്ന പല വ്യവസായശാലകളും തുറന്നു പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് പരിശ്രമിക്കുകയാണ്. ആരോഗ്യ, വിദ്യാഭ്യാസ മേഖലകളെ ശക്തിപ്പെടുത്താൻ സാധിച്ചു. ഗവൺമെന്റ് സ്കൂളുകളിൽ 1 മുതൽ 12 വരെയുള്ള ക്ളാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഫീസ് ഇളവ് അനുവദിച്ചു. ആരോഗ്യമേഖലയിൽ ഉണ്ടാകുന്ന പകർച്ചപ്പനികളുടെ ഫലമായി ഓരോ വർഷവും നിരവധി മരണം സംഭവിക്കുന്നു. യു..ഡി.എഫ്. ഭരണത്തിൽ നിന്ന് വ്യത്യസ്തമായി ആരോഗ്യമേഖലയിൽ വേണ്ടത്ര സ്റ്റാഫിനെ നിയമിച്ചും ജീവൻരക്ഷാ മരുന്നുകൾക്കുള്ള പണം കൊടുത്തും ശുചീകരണം വേണ്ട രീതിയിൽ നിർവ്വഹിച്ചും നല്ല രീതിയിലേയ്ക്ക് ഈ രംഗത്തെ കൊണ്ടുവരാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഭേദപ്പെട്ട വ്യവസ്ഥകൾ മാത്രം അംഗീകരിച്ചുകൊണ്ട് സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന വിധത്തിലാണ് സ്മാർട്ട് സിറ്റി പദ്ധതി

പ്രാവർത്തികമാക്കുന്നത്. കേരളത്തിന്റെ എല്ലാ ജില്ലകളിലും ഐ.ടി. വ്യവസായസ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനുള്ള പരിശ്രമങ്ങൾ ഈ ഗവണ്മെന്റ് നടത്തുകയാണ്. പരസ്പരം ചർച്ച ചെയ്ത് നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ട് നടപ്പാക്കാൻ ഇടതുപക്ഷജനാധിപത്യ മുന്നണി ഗവണ്മെന്റ് സന്നദ്ധമാണ്. അനധികൃതമായി കയ്യേറിയ സർക്കാർ ഭൂമി തിരിച്ചുപിടിച്ചുകൊണ്ട് പ്രമാണിമാരുടെ ആധിപത്യം തകർക്കുകയും ജനങ്ങളുടെ അഭിലാഷം സഫലീകരിക്കുകയുമാണ് ഈ ഗവണ്മെന്റ് ചെയ്യുന്നത്. യു.ഡി.എഫ്. ഗവണ്മെന്റ് തകർത്ത് തരിപ്പണമാക്കിയ സാമ്പത്തിക അവസ്ഥയിൽ നിന്ന് മാറി ഒരു പരിധി വരെ കേരളത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തിക്കൊണ്ടു മുന്നോട്ടുപോകാൻ ഈ ഗവണ്മെന്റിന് കഴിഞ്ഞിട്ടുണ്ട്. കേന്ദ്രത്തിൽ നിന്നുള്ള സാമ്പത്തികസഹായം നേടിയെടുക്കുന്നതിനും കർഷകരെ പാപ്പരാക്കുന്ന കേന്ദ്ര ഇറക്കുമതി നയത്തിൽ മാറ്റം വരുത്തുന്നതിനുമായി കക്ഷിഭേദമന്യേ യോജിച്ച് പ്രവർത്തിക്കാം. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥന 32-നെതിരെ 78 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

**നിയമനിർമ്മാണകാര്യം**

<u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2007-ലെ കേരള വർഷകാല മത്സ്യബന്ധനം (സമുദ്രോപരിതലം) സംരക്ഷണം ബിൽ.</u>

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി <u>(ശ്രീ. എസ്. ശർമ്മ):</u> സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2007-ലെ കേരള വർഷകാല മത്സ്യബന്ധനം (സമുദ്രോപരിതലം) സംരക്ഷണം ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ):</u> പ്രമേയത്തെ പിൻതാങ്ങുന്നു.

<u>ശ്രീ. ടി.എൻ. പ്രതാപൻ:</u> വിയോജനം രേഖപ്പെടുത്തുന്നു; എന്നാൽ ബില്ലിനോട് തത്വത്തിൽ യോജിക്കുന്നു. ഗോവയിലെ ഒരു സംഘടന കൊടുത്ത പരാതിയുടെ അടിസ്ഥാനത്തിൽ പത്ത് എച്ച്.പി.-ക്ക് മുകളിലുള്ള എൻജിൻ ഘടിപ്പിച്ച മുഴുവൻ വള്ളങ്ങളും കടലിൽ ഇറങ്ങുന്നത് നിരോധിക്കുകയുണ്ടായി. മൺസൂൺ കാലത്തുണ്ടാകുന്ന ചാകരയുടെ ഫലമായി ഉപരിതല മൽസ്യങ്ങൾ ജൂൺ, ജൂലായ്, ആഗസ്റ്റ് മാസം കഴിയുമ്പോൾ കേരള കടൽത്തീരത്തു നിന്ന് മറ്റ് കടൽത്തീരങ്ങളിലേയ്ക്ക് പോകുന്നതായിട്ടുള്ള നിഗമനങ്ങളുള്ളതിനാൽ ഈ കാലയളവിൽ മൽസ്യബന്ധനം പൂർണ്ണമായി നിരോധിച്ചാൽ അത് കേരളത്തിലെ മൽസ്യത്തൊഴിലാളികളുടെ വരുമാനത്തെ പ്രതികൂലമായി ബാധിക്കും. അനുവദനീയമായ വലകൾ ഉപയോഗപ്പെടുത്തി മൽസ്യബന്ധനം നടത്തുന്നതിനായി ബില്ലിലെ 4-ാം ഖണ്ഡത്തിൽ ഭേദഗതി വരുത്താനുള്ള നടപടി സ്വീകരിക്കണം. ട്രോളിംഗ് നിരോധനകാലത്ത് പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് മൽസ്യബന്ധനം നടത്തുന്നതിന് നടപടി സ്വീകരിക്കണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): ബില്ലിലെ 4-ാം വകുപ്പ് സംബന്ധിച്ച് നിയമവകുപ്പുസെക്രട്ടറിയുമായി ചർച്ച നടത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ഒഫിഷ്യൽ ഭേദഗതി ഗവണ്മെന്റ് കൊണ്ടുവരുന്നതാണ്. ഈ വർഷം ജൂൺ 15 മുതൽ ജൂലായ് 31 വരെ 47 ദിവസമാണ് ട്രോളിംഗ് നിരോധനം പ്രഖ്യാപിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ മൽസ്യ സമ്പത്തിന്റെ സംരക്ഷണം അടിസ്ഥാനപരമായി ഉറപ്പു വരുത്തേണ്ടതുണ്ട്. അതിനുവേണ്ടി 1988 മുതലാണ് സംസ്ഥാനത്ത് ട്രോളിംഗ് നിരോധനം നടപ്പിലാക്കിവരുന്നത്. ചാകര പ്രത്യക്ഷപ്പെടുന്ന സീസണിലാണ് യഥാർത്ഥ മൽസ്യത്തൊഴിലാളികൾക്ക് നല്ല രീതിയിലുള്ള വരുമാനം കിട്ടുന്നത്. തീരക്കടലിൽ നിന്നുമുള്ള കേരളത്തിലെ വാർഷിക മത്സ്യോത്പാദനം 6 ലക്ഷം ടണ്ണാണ്. അതിൽ മൂന്നുലക്ഷം ടൺ ഈ 45 ദിവസംകൊണ്ടുമാത്രം കേരളത്തിൽ ലഭ്യമാകുന്നതാണ്. ഇതിനെ കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ വിളവെടുപ്പുകാലമായി കണക്കാക്കാം. ഈ പ്രജനന കാലത്ത് മത്സ്യം പിടിക്കുന്നത് ഒഴിവാക്കുന്നതിനും തീരപ്രദേശത്തെ പട്ടിണിമരണം ഇല്ലാതാക്കാനും കൂടുതൽ മത്സ്യസമ്പത്ത് പ്രയോജനപ്പെടുത്താൻ ലക്ഷ്യംവച്ചുകൊണ്ടുമാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. ഇക്കാര്യത്തിൽ ഭരണ -പ്രതിപക്ഷ കക്ഷിവ്യത്യാസമില്ലാതെ ഒരു പൊതു അഭിപ്രായം രൂപീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ബഡ്ജറ്റ് സമ്മേളനം നടക്കുമ്പോൾ ഡിമാന്റ് ചർച്ചയുടെ ഘട്ടത്തിൽ ബിൽ അവതരിപ്പിച്ച് പാസ്സാക്കുന്നത് സാധാരണ കീഴ്വഴക്കമല്ല. എന്നാൽ കേരള സമൂഹത്തിന്റെ ആവശ്യകതയും പ്രാധാന്യവും കണക്കിലെടുത്ത് ബിസിനസ് അഡ്വൈസറി കമ്മിറ്റി തീരുമാന

മനുസരിച്ച് ഇപ്രകാരം ഒരു ബിൽ നിയമമാക്കിത്തീർക്കാൻ സഹായിച്ച എല്ലാ അംഗങ്ങളേയും പ്രതിപക്ഷനേതാവിനേയും അഭിനന്ദിക്കുകയാണ്. ബഹുമാനപ്പെട്ട ഗവർണ്ണർ ഒപ്പിടുന്നതുമുതൽ ഈ ബിൽ പ്രാബല്യത്തിൽ വരുന്നതാണ്.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 2007-ലെ കേരള വർഷകാല മത്സ്യബന്ധനം (സമുദ്രോപരിതലം) സംരക്ഷണം ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

<u>ശ്രീ. ടി.എൻ. പ്രതാപൻ:</u> രണ്ടാം വകുപ്പിൽ നിർവ്വചനം (എഫ്)-ലും, (ജി)-യിലും "പ്രാദേശീയമായ" എന്നവാക്കിനുപകരം "ടെറിട്ടോറിയൽ" എന്ന വാക്ക് ചേർക്കുക.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി <u>(ശ്രീ. എസ്. ശർമ്മ):</u> ഭേദഗതി അംഗീകരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>3-ാം വകുപ്പ്</u>

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>4-ാം വകുപ്പ്</u>

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): 4-ാം ഖണ്ഡത്തിൽ "വർഷകാലത്ത് മത്സ്യബന്ധനം നടത്താനുള്ള അവകാശം" എന്ന ടൈറ്റിലോടുകൂടി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

"ഏതെങ്കിലും നിയമത്തിലോ, കോടതിയുടെ ഏതെങ്കിലും വിധിന്യായത്തിലോ, ഡിക്രിയിലോ, ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, വർഷകാലത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ടെറിറ്റോറിയൽ ജലാതിർത്തിക്കുള്ളിൽ പരമ്പരാഗതവും പരിഷ്ക്കരിച്ച പരമ്പരാഗതവും ആയ വള്ളവും വലയും ഉപയോഗിച്ച് സമുദ്രോപരിതലത്തിലെ മത്സ്യബന്ധനം നടത്തുവാൻ അവകാശമുണ്ടായിരിക്കുന്നതാണ്:

എന്നാൽ, സമുദ്രത്തിന്റെ അടിത്തട്ടിലുള്ള സമുദ്ര സമ്പത്തിന്റെ പുനരുജ്ജീവനത്തിന് ആവശ്യമായ മത്സ്യ കുഞ്ഞുങ്ങളേയും മത്സ്യ മുട്ടകളേയും അത്തരത്തിലുള്ള മറ്റിനങ്ങളേയും ദോഷപ്പെടുത്തുന്ന യാതൊരു മത്സ്യബന്ധന വള്ളമോ, വലയോ, യാനമോ ഉപയോഗിക്കാൻ പാടില്ലാത്തതാണ്:

എന്നുമാത്രമല്ല, ഈ വകുപ്പുപ്രകാരം ഏതെങ്കിലും ആൾ അനുവദിക്കപ്പെട്ട മത്സ്യബന്ധന അവകാശം ദുർവിനിയോഗം ചെയ്യുകയോ അങ്ങനെയുള്ള മത്സ്യബന്ധനം മത്സ്യപ്രജനനത്തിനും സമുദ്രാടിത്തട്ടിലെ മത്സ്യസമ്പത്തിന് ദോഷകരമായി ബാധിക്കുകയോ ചെയ്യുമെന്ന് സർക്കാരിനു ബോദ്ധ്യപ്പെടുന്ന പക്ഷം, ഈ വകുപ്പുപ്രകാരം അനുവദിക്കപ്പെട്ട അവകാശം ഉത്തരവിലൂടെ നിരോധിക്കാവുന്നതാണ്."

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5 മുതൽ 8 വരെയുള്ള വകുപ്പുകൾ

5 മുതൽ 8 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5 മുതൽ 8 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): 2007-ലെ കേരള വർഷകാല മത്സ്യബന്ധനം (സമുദ്രോപരിതലം) സംരക്ഷണം ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2007-ലെ കേരള വർഷകാല മത്സ്യബന്ധനം (സമുദ്രോപരിതലം) സംരക്ഷണം ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ ഐകകണ്ഠ്യേന സഭ പാസ്സാക്കി.

ബിൽ പാസ്സാക്കുന്നതിന് സഹകരിച്ച ഭരണ-പ്രതിപക്ഷ അംഗങ്ങളേയും വകുപ്പുമന്ത്രിയേയും ബഹുമാനപ്പെട്ട സ്പീക്കർ അഭിനന്ദിച്ചു.

സഭ വൈകുന്നേരം 5.41-ന് പിരിഞ്ഞു.